27
2021
നവംബർ
ശനി
1197
വൃശ്ചികം 11

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 194 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-194 പേജ് 4. വില 2.00 രൂപ



02 ഹോമിയോ സേവനങ്ങൾ വേഗത്തിൽ ലഭിക്കാൻ മൊബൈൽ ആപ്പ്

03 കോവാക്സിൻ 50 ശതമാനം മാത്രം ഫലപ്രാപ്തി

04 ഗാനഗന്ധർവനെ അദ്ഭുതപ്പെടുത്തിയ ബിച്ചു


# ബിച്ചു തിരുമല വിട പറഞ്ഞു



തിരുവനന്തപുരം: മലയാളികൾക്ക് നിരവധി പാട്ടുകൾ സമ്മാനിച്ച ഗാനരചയിതാവ് ബിച്ചു തിരുമല (80) അന്തരിച്ചു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.

അഞ്ച് പതിറ്റാണ്ടോളം മലയാള ചലച്ചിത്ര രംഗത്ത് സജീവ സാന്നിധ്യമായിരുന്ന ബിച്ചു തിരുമല എന്ന ബി. ശിവശങ്കരൻ നായരാണ് സംഗീതത്തിൻറെ ലോകത്തോട് വിട പറഞ്ഞത്. നാന്നൂറിലേറെ സിനിമകളിലായി ആയിരത്തോളം ഗാനങ്ങളാണ് ബിച്ചു തിരുമലയുടെ തൂലികയിൽനിന്നു പിറന്നത്. സിനിമാ ഗാനങ്ങളും ലളിതഭക്തി ഗാനങ്ങളുമായി അയ്യായിരത്തിലേറെ ഗാനങ്ങൾ രചിച്ചു.

1972ൽ പുറത്തിറങ്ങിയ ഭജഗോവിന്ദം സിനിമയിലൂടെയാണ് ചലച്ചിത്രഗാനരംഗത്തേയ്ക്ക് എത്തിയത്. 1981ലും 1991ലും മികച്ച ഗാനരചയിതാവിനുള്ള സംസ്ഥാന ചലചിത്ര പുരസ്കാരം നേടി. സുകുമാർ അഴീക്കോട് തത്വമസി പുരസ്കാരം, കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷൻറെ ചലച്ചിത്രരത്നം പുരസ്കാരം, സ്വാതി പി ഭാസ്കരൻ ഗാനസാഹിത്യപുരസ്കാരം തുടങ്ങിയവയ്ക്കും അർഹനായി

1941 ഫെബ്രുവരി 13ന് സി.ജെ. ഭാസ്കരൻ നായരുടെയും ശാസ്തമംഗലം പട്ടാണിക്കുന്ന് വീട്ടിൽ പാറുക്കുട്ടിയമ്മയുടെയും മൂത്ത മകനായാണ് ബിച്ചു തിരുമല ജനിച്ചത്. പ്രശസ്ത ഗായികയായ സുശീലാ ദേവി, സംഗീതസംവിധായകൻ ദർശൻ രാമൻ എന്നിവരാണ് സഹോദരങ്ങൾ. പ്രസന്നകുമാരിയാണ് ഭാര്യ. മകൻ സുമൻ ശങ്കർ ബിച്ചു(സംഗീത സംവിധായകൻ). ശ്യാം, എ.ടി. ഉമ്മർ, രവീന്ദ്രൻ, ജി. ദേവരാജൻ, ഇളയരാജ എന്നീ സംഗീത സംവിധായകരുമായി ചേർന്ന് എഴുപതുകളിലും എൺപതുകളിലുമായി വളരെയധികം ഹിറ്റ് ഗാനങ്ങൾ അദ്ദേഹം മലയാളികൾക്ക് സമ്മാനിച്ചു. പ്രമുഖ സംഗീതസംവിധായകനായ എ.ആർ. റഹ്മാൻ മലയാളത്തിൽ ഈണം നൽകിയ യോദ്ധയിലെ ഗാനങ്ങൾ എഴുതിയതും ബിച്ചു തിരുമലയാണ്.

രാകേന്ദുകിരണങ്ങൾ (അവളുടെ രാവുകൾ), വാകപ്പൂമരം ചൂടും (അനുഭവം), ഒരു മയിൽപ്പീലിയായ് ഞാൻ ജനിച്ചുവെങ്കിൽ (അണിയാത്ത വളകൾ), വെള്ളിച്ചില്ലും വിതറി (ഇണ), മൈനാകം (തൃഷ്ണ), ശ്രുതിയിൽ നിന്നുയരും (തൃഷ്ണ), തേനും വയമ്പും (തേനും വയമ്പും), ഓലത്തുമ്പത്തിരുന്നൂയലാടും (പപ്പയുടെ സ്വന്തം അപ്പൂസ്), പാൽനിലാവിനും (കാബൂളിവാല) തുടങ്ങി നിരവധി ഹിറ്റ് ഗാനങ്ങളാണ് ബിച്ചു തിരുമലയുടെ തൂലികയിൽനിന്നു പിറന്നത്.

## മധ്യപ്രദേശിൽ ട്രെയിനിന് തീപിടിച്ചു

മൊറീന: മധ്യപ്രദേശിൽ ദുർഗ്ഗ്ഉദംപുർ എക്സ്പ്രസിന് തീപിടിച്ചു. നാല് എസി കോച്ചുകൾക്കാണ് തീപിടിച്ചത്. ആളപായമൊന്നും ഇല്ലെന്നാണ് റിപ്പോർട്ട്. അഗ്നിശമന സേനയുടെ അഞ്ച് വാഹനങ്ങൾ സ്ഥലത്തെത്തി തീയണക്കാൻ ശ്രമിക്കുകയാണ്.

രാജസ്ഥാനിലെ ധോൽപൂരിനും മധ്യപ്രദേശിലെ മൊറേനയ്ക്കും ഇടയിൽ ഇന്ന് വൈകുന്നേരം നാലോടെയാണ് സംഭവം. ഹെതാംപുർ സ്റ്റേഷനിൽ നിന്നും ഝാൻസിയിലേക്ക് നീങ്ങുകയായിരുന്ന ട്രെയിനിൻറെ എസി കോച്ചുകൾക്കാണ് തീപിടിച്ചത്. യാത്രക്കാരെല്ലാം പെട്ടെന്ന് തന്നെ പുറത്തിറങ്ങിയതിനാൽ വൻ അപകടം ഒഴിവായി.

രണ്ട് ബോഗികൾ പൂർണമായി കത്തിനശിച്ചതായും രണ്ട് ബോഗികൾക്ക് തീപിടിച്ചതായും ദൃക്സാക്ഷികൾ പറയുന്നു. അപകടകാരണമെന്നു വ്യക്തമായിട്ടില്ല.

## മോഡലുകളെ പിന്തുടർന്നത് ദുരുദ്ദേശ്യത്തോടെ; ഓഡി കാറുടമ സൈജു തങ്കച്ചൻ അറസ്റ്റിൽ



കൊച്ചി: ദേശീയപാതയിൽ വൈറ്റിലയ്ക്കടുത്ത് ചക്കരപ്പറമ്പിൽ മോഡലുകളും സുഹൃത്തും വാഹനാപകടത്തിൽ മരിച്ച സംഭവത്തിൽ ഇവരുടെ വാഹനത്തെ പിന്തുടർന്ന ആഡംബരക്കാർ ഉടമ സൈജു തങ്കച്ചനെ പോലീസ് അറസ്റ്റ് ചെയ്തു. മണിക്കൂറുകൾ നീണ്ട ചോദ്യം ചെയ്യലിനു ശേഷമാണ് അന്വേഷണ ഉദ്യോഗസ്ഥർ സൈജു തങ്കച്ചനെ അറസ്റ്റ് ചെയ്തത്. ദുരുദ്ദേശ്യത്തോടെ സ്ത്രീകളെ പിന്തുടർന്നെന്ന കേസിലാണ് അറസ്റ്റ്. അപകടത്തിനുള്ള പ്രേരണ ഉണ്ടാക്കിയെന്ന വകുപ്പും ചേർത്തു.

സൈജുവിനെ നേരത്തെ ഒരു തവണ അന്വേഷണ സംഘം ചോദ്യം ചെയ്തിരുന്നു. ഇതിനുശേഷം ഒളിവിൽ കഴിഞ്ഞിരുന്ന സൈജു ഹാജരാകാനായി ബുധനാഴ്ച അന്വേഷണ സംഘം നോട്ടീസ് നൽകിയിരുന്നു. ഇയാളുടെ അഭാവത്തിൽ സഹോദരനാണ് നോട്ടീസ് കൈപ്പറ്റിയത്. എന്നാൽ, ഇന്നലെയും ഇയാൾ ഹാജരായില്ല.

കർശന നടപടിയുമായി അന്വേഷണ സംഘം മുന്നോട്ടു പോകാൻ ഇരിക്കവേയാണ് സൈജു തങ്കച്ചൻ ഇന്ന് പോലീസിന് മുന്നിൽ ഹാജരായത്. കളമശേരിയിൽ എറണാകുളം മെട്രോ പൊലീസ് സ്റ്റേഷനിലാണ് ഇയാൾ അഭിഭാഷകർക്കൊപ്പം ഹാജരായത്. സൈജുവിനെ മണിക്കൂറുകളോളം ചോദ്യംചെയ്ത ശേഷമാണ് അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മോഡലുകൾ സഞ്ചരിച്ച വാഹനമോടിച്ച അബ്ദുൾ റഹ്മാനെ വീണ്ടും ചോദ്യം ചെയ്യുമെന്നും സൂചനയുണ്ട്.

മോഡലുകൾ സഞ്ചരിച്ചിരുന്ന കാർ ഡ്രൈവർ അബ്ദുൾ റഹ്മാൻ അമിതമായി മദ്യപിച്ചിരുന്നതിനാൽ യാത്ര ഒഴിവാക്കണമെന്ന് പറയാനാണ് മോഡലുകളുടെ കാറിനെ പിന്തുടർന്നതെന്നാണ് സൈജു തങ്കച്ചൻ ആദ്യ ചോദ്യം ചെയ്യലിൽ അന്വേഷണ സംഘത്തിനു മൊഴി നൽകിയത്. അബ്ദുൾ റഹ്മാനെ ചോദ്യം ചെയ്തതിനു പിന്നാലെയാണ് സൈജു ഒളിവിൽ പോയത്.

മോഡലുകളുടെ വാഹനത്തെ പിന്തുടർന്ന സൈജു കുണ്ടന്നൂരിൽ വച്ചാണ് ഇവരുമായി സംസാരിച്ചത്. അതിനുശേഷമാണ് മോഡലുകളുടെ വാഹനം അമിത വേഗത്തിൽ കടന്നു പോയതെന്നു സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമാണ്.

## ലൈഫ് ഭവന പദ്ധതി: 1500 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുമെന്ന് മന്ത്രി

തിരുവനന്തപുരം : ലൈഫ് സമ്പൂർണ പാർപ്പിട പദ്ധതിയിൽ ധനസഹായം നൽകുന്നതിനു 1500 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ പറഞ്ഞു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ ഫണ്ടും ബജറ്റ് വിഹിതവും ചേർത്ത് ആദ്യഗഡു നൽകാനാവും. നിർമാണം ആരംഭിച്ച ഭവനങ്ങൾ മുഴുവനും ഡിസംബർ 31ന് മുൻപ് പൂർത്തിയാക്കണം.

മേയ്ക്കു മുമ്പായി ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കുകയാണു ലക്ഷ്യം.

## ദക്ഷിണാഫ്രിക്കയിൽ നിന്ന് അതിവേഗ കോവിഡ്; മുന്നറിയിപ്പ് നൽകി കേന്ദ്രം

ന്യൂഡൽഹി: ദക്ഷിണാഫ്രിക്കയിൽ കണ്ടെത്തിയ അതിവേഗ വ്യാപന ശക്തിയുള്ള കോവിഡ് വകഭേദത്തിനെതിരെ മുന്നറിയിപ്പ് നൽകി കേന്ദ്ര സർക്കാർ. ദക്ഷിണാഫ്രിക്ക, ബോട്സ്വാന, ഹോങ്കോംഗ് എന്നിവിടങ്ങളിൽ നിന്നോ ഈ പ്രദേശങ്ങൾവഴിയോ യാത്രചെയ്യുന്ന രാജ്യാന്തര യാത്രക്കാരെ കർശനമായ പരിശോധനയ്ക്കു വിധേയമാക്കണമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകി.

കേന്ദ്ര ആരോഗ്യ സെക്രട്ടറി രാജേഷ് ഭൂഷൺ ഇക്കാര്യം ചൂണ്ടിക്കാട്ടി സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും കത്ത് നൽകി. പരിശോധനയിൽ കോവിഡ് പോസിറ്റീവാകുന്ന യാത്രക്കാരുടെ സാമ്പിളുകൾ അംഗീകൃത ജീനോം സീക്വൻസിംഗ് ലബോറട്ടറികളിലേക്ക് ഉടൻ അയച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്ന് കത്തിൽ ആരോഗ്യ സെക്രട്ടറി ആവശ്യപ്പെട്ടു.

ഈ അന്താരാഷ്ട്ര യാത്രക്കാരുടെ സമ്പർക്ക പട്ടികയിലുള്ളവരെയും സൂക്ഷ്മമായി നിരീക്ഷിക്കുകയും പരിശോധിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു. ഒന്നിലധികം തവണ ജനിതകമാറ്റം സംഭവിച്ച പുതിയ കൊറോണവൈറസ് വകഭേദമാണ് ദക്ഷിണാഫ്രിക്കയിൽ കണ്ടെത്തിയത്. പ്രതിരോധ ശക്തിയെ മറികടന്ന് അതിവേഗം പടർന്നുപിടിക്കാൻ പുതിയ വകഭേദത്തിനു സാധിക്കും

## അട്ടപ്പാടിയിലെ ശിശു മരണം: അന്വേഷണത്തിന് ഉത്തരവിട്ട് മന്ത്രിമാർ

തിരുവനന്തപുരം: അട്ടപ്പാടിയിലെ ശിശുമരണത്തിൽ അന്വേഷണത്തിന് ഉത്തരവിട്ട് ആരോഗ്യമന്ത്രി വീണാ ജോർജും പട്ടികവിഭാഗ ക്ഷേമ മന്ത്രി കെ.രാധാകൃഷ്ണനും. ശിശുമരണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്താൻ വീണാ ജോർജ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി.

ശിശുമരണത്തിന് ഇടയാക്കിയ സംഭവങ്ങളെപ്പറ്റി അന്വേഷിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ കെ.രാധാകൃഷ്ണൻ പട്ടിക വർഗ ഡയറക്ടർ ടി.വി. അനുപമയ്ക്കും നിർദേശം നൽകി.

കാര്യങ്ങൾ നേരിട്ടറിയുന്നതിനായി മന്ത്രി രാധാകൃഷ്ണൻ ശനിയാഴ്ച അട്ടപ്പാടിയിലെത്തും. രാവിലെ പത്തിന് അഗളിയിൽ യോഗം ചേരും.

അഗളി, പുതൂർ പഞ്ചായത്തുകളിലാണ് അരിവാൾ രോഗബാധയെ തുടർന്ന് മരണമുണ്ടായത്. അട്ടപ്പാടിയിൽ നാല് ദിവസത്തിനുള്ളിൽ ഇത് നാലാമത്തെ ശിശുമരണമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ വർഷം ഇതുവരെ പത്ത് നവജാത ശിശുക്കളാണ് അട്ടപ്പാടിയിൽ മരിച്ചത്.

## അട്ടപ്പാടിയിൽ വീണ്ടും ശിശുമരണം; മരിച്ചത് പത്ത് മാസം പ്രായമായ കുഞ്ഞ്

അട്ടപ്പാടി: അട്ടപ്പാടിയിൽ വീണ്ടും ശിശുമരണം. കതിരംപതി ഊരിലെ രമ്യ‌അയ്യപ്പൻ ദമ്പതികളുടെ അസന്യ എന്ന പെൺകുഞ്ഞാണ് മരിച്ചത്. പത്ത് മാസം പ്രായമുള്ള കുഞ്ഞിന് ഹൃദയത്തിന് തകരാറുണ്ടായിരുന്നു. അഗളിയിൽ നിന്ന് കോട്ടത്തറയിലെ ആശുപത്രിയിലേക്ക് വരികയായിരുന്നു. വരുന്ന വഴിയിൽ തന്നെ കുഞ്ഞ് മരിച്ചു.

അട്ടപ്പാടിയിൽ ഇന്ന് മരിക്കുന്ന രണ്ടാമത്തെ കുഞ്ഞാണിത്. മൂന്നു ദിവസം പ്രായമായ ആൺകുട്ടി ഇന്ന് രാവിലെ മരിച്ചിരുന്നു. അട്ടപ്പാടിയിൽ നാല് ദിവസത്തിനുള്ളിൽ ഇത് അഞ്ചാമത്തെ ശിശുമരണമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ വർഷം ഇതുവരെ 11 നവജാത ശിശുക്കളാണ് അട്ടപ്പാടിയിൽ മരിച്ചത്.

അതേസമയം, അട്ടപ്പാടിയിലെ ശിശുമരണങ്ങളിൽ അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. ശിശുമരണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്താൻ ആരോഗ്യ മന്ത്രി വീണാ ജോർജ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി. അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ പട്ടികവിഭാഗ ക്ഷേമ മന്ത്രി കെ.രാധാകൃഷ്ണൻ പട്ടിക വർഗ ഡയറക്ടർ ടി.വി. അനുപമയ്ക്കും നിർദേശം നൽകി. അഗളി, പുതൂർ പഞ്ചായത്തുകളിലാണ് അരിവാൾ രോഗബാധയെ തുടർന്ന് മരണമുണ്ടായത്. കാര്യങ്ങൾ നേരിട്ടറിയുന്നതിനായി മന്ത്രി രാധാകൃഷ്ണൻ ശനിയാഴ്ച അട്ടപ്പാടിയിലെത്തും. രാവിലെ പത്തിന് അഗളിയിൽ യോഗം ചേരും.

## ദളിത് പെൺകുട്ടിയെ കൂട്ടമാനഭംഗത്തിനിരയാക്കിയ ശേഷം കുടുംബത്തിനൊപ്പം കൊലപ്പെടുത്തി

ലക്നോ: ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ ദളിത് പെൺകുട്ടിയെ കൂട്ടലൈംഗീക പീഡനത്തിനു ശേഷം കുടുംബത്തിലെ മറ്റ് മൂന്നു പേർക്കൊപ്പം കൊലപ്പെടുത്തി. പതിനാറുകാരിയെ ക്രൂരമായി പീഡിപ്പിച്ച ശേഷം കൊലപ്പെടുത്തുകയായിരുന്നു.

ഉയർന്ന ജാതിയിൽപ്പെട്ടവരെന്ന് അവകാശപ്പെടുന്ന അയൽവാസികളാണ് ആക്രമണം നടത്തിയത്. പെൺകുട്ടിയുടെ 10 വയസുകാരൻ സഹോദരനും മാതാപിതാക്കളും കൊല്ലപ്പെട്ടു. സംഭവത്തിൽ അയൽവാസികളായ 11 പേർക്കെതിരെ പോലീസ് കേസെടുത്തു. കൂട്ടമാനഭംഗം, കൊലപാതകം എന്നീ കുറ്റങ്ങൾ ചുമത്തിയാണ് കേസെടുത്തിരിക്കുന്നത്.

മൂർച്ചയേറിയ കോടാലി ഉപയോഗിച്ചായിരിക്കാം ഇവരെ ആക്രമിച്ചതെന്നും ശരീരത്തിൽ സാരമായ മുറിവുകളുണ്ടെന്നും പോലീസ് പറഞ്ഞു. പെൺകുട്ടിയുടെ മൃതദേഹം വീടിനുള്ളിലെ മുറിയിലും മറ്റ് മൂന്ന് മൃതദേഹങ്ങൾ മുറ്റത്ത് ഒരുമിച്ചുമാണ് കണ്ടെത്തിയത്.

2019 മുതൽ അയൽവാസികളുമായി ഭൂമിതർക്കം നിലനിന്നിരുന്നു. കഴിഞ്ഞ സെപ്റ്റംബറിൽ ദളിത് കുടുംബത്തിനു നേരെ ആക്രമണം ഉണ്ടാകുകയും ചെയ്തു. എന്നാൽ പോലീസ് കേസ് ഒത്തുതീർക്കുകയായിരുന്നു.

## വിഴിഞ്ഞം തുറമുഖത്തെ റെയിൽ പ്രവൃത്തികളുടെ തടസം നീക്കണം; തുറമുഖ മന്ത്രി കേന്ദ്ര മന്ത്രിയെ കണ്ടു

കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ റെയിൽ പ്രവർത്തികൾ ഉടൻ ആരംഭിക്കാനുള്ള തടസ്സങ്ങൾ നീക്കണമെന്ന് ആവശ്യപ്പെട്ടു കേരള തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ കേന്ദ്ര റയിൽവെ മന്ത്രി ദർശനജർ ദോശിനെ കണ്ടു. റയിൽവെ ലൈനിന്റെ ഡിപിആറിന് ഉടനടി അംഗീകാരം നൽകണമെന്നും സതേൺ റയിൽവെ അധികൃതർക്ക് ഇതിനാവശ്യമായ അടിയന്തിര നിർദ്ദേശം നൽകണമെന്നും മന്ത്രി ആവശ്യപ്പെട്ടു. വിഴിഞ്ഞം പദ്ധതി ഇന്ത്യയുടെ അഭിമാന പദ്ധതികളിൽപ്പെട്ട ഒന്നാണെന്നും ആവശ്യമായ എല്ലാ സഹായവും റയിൽവെ നൽകുമെന്നും കേന്ദ്രമന്ത്രി ഉറപ്പു നൽകി.

റയിൽവെയുടെ നിർമ്മാണ പ്രവൃത്തികൾ സാഗർമാലയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കണമെന്ന് നേരത്തെ കേന്ദ്ര ഷിപ്പിംഗ് മന്ത്രിയോടും കേരളം ആവശ്യപ്പെട്ടിരുന്നു.

സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കുമെന്ന് റയിൽവെ വകുപ്പ് ചർച്ചയിൽ ഉറപ്പ് നൽകിയതായി മന്ത്രി അറിയിച്ചു. സംസ്ഥാന തുറമുഖ സെക്രട്ടറി ടിങ്കുബിസ്വാൾ, വിഴിഞ്ഞം ഇന്റർനാഷണൽ ഷിപ്പിംഗ് ലിമിറ്റഡ് ( വിസിൽ ) എംഡി ഗോപാലകൃഷ്ണൻ, മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സിപി അൻവർ സാദത്ത് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## രാജ്യം രൂപപെട്ടു വന്നത് ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും: ചീഫ് ജസ്റ്റീസ്

ന്യൂഡൽഹി: രാജ്യം രൂപപെട്ടു വന്നത് ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയുമെന്ന് ചീഫ് ജസ്റ്റിസ് എൻ.വി രമണ. ഭരണഘടന ദിവസമായ ഇന്ന് സുപ്രീം കോടതി അഭിഭാഷകർ പങ്കെടുത്ത യോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭരണഘടനാ സ്ഥാപനങ്ങൾക്ക് നേരെ സംഭവിക്കുന്ന അക്രമങ്ങളെ ചെറുക്കുകയും സാധാരണ ജനങ്ങൾ നീതിന്യായ വ്യവസ്ഥയിൽ അർപ്പിച്ചിട്ടുള്ള വിശ്വാസത്തെ സംരക്ഷിക്കുകയും ചെയ്യണം. നീതിന്യായ വ്യവസ്ഥയ്ക്കെതിരെ നടക്കുന്ന എല്ലാ അക്രമങ്ങളെയും അഭിഭാഷക സമൂഹം ഒന്നിച്ച് പ്രതിരോധിക്കണമെന്നും ചീഫ് ജസ്റ്റീസ് പറഞ്ഞു.

ഭരണഘടന പ്രാബല്യത്തിൽ വന്ന കാലത്തെ അപേക്ഷിച്ച് കൂടുതൽ വൈവിധ്യവും സങ്കീർണവുമാണ് ഇപ്പോൾ. കോടതി മുറികൾകക്ക് അകത്തും പുറത്തുമായി നടന്ന വാദ പ്രതിവാദങ്ങൾ ഭരണഘടനയെ കൂടുതൽ വൈവിധ്യവും സങ്കീർണവുമാക്കി. ചർച്ചകൾക്കും സംവാദങ്ങൾക്കും ഇടം തരുന്നു എന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ ഏറ്റവും വലിയ സവിശേഷത. ഇത്തരം ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയുമാണ് രാജ്യത്തിൻറെ പുരോഗതി തന്നെ സാധ്യമായത്. ഇത്തരം ചർച്ചകളിൽ ഏറ്റവും അധികം പങ്കു വഹിച്ചിട്ടുള്ളത് അഭിഭാഷകരും ന്യായാധിപന്മാരുമാണ്.

ഭരണഘടനയെ കുറിച്ചും ഭരണഘടനാ സംവിധാനങ്ങളെ കുറിച്ചും അടുത്തറിയാവുന്ന ആളുകൾ എന്ന നിലയിൽ രാജ്യത്തെ പൗരന്മാരെ ബോധവത്കരിക്കേണ്ടതും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകേണ്ടതും അഭിഭാഷക സമൂഹത്തിൻറെ കടമായാണെന്നും ചീഫ് ജസ്റ്റീസ് പറഞ്ഞു.



സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2019, 2020 വർഷങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യുന്നു

# നഗരസഞ്ചയങ്ങൾക്കുള്ള പഞ്ചവത്സര പദ്ധതി നഗരവികസനത്തിന്റെ മുഖച്ഛായ മാറ്റും: മന്ത്രി

പത്ത് ലക്ഷത്തിൽപ്പരം ജനസംഖ്യയുള്ള സംസ്ഥാനത്തെ ഏഴ് നഗരസഞ്ചയങ്ങളിൽ പഞ്ചവത്സര പദ്ധതി തയ്യാറാക്കി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് വിനിയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ നഗരങ്ങളുടെ മുഖച്ഛായ മാറുമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സംസ്ഥാനത്തെ പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഏഴ് നഗരസഞ്ചയങ്ങൾക്ക് അഞ്ച് വർഷ കാലയളവിൽ 1402 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കോർപ്പറേഷനോ, മുനിസിപ്പാലിറ്റിയോ അതിനോട് തൊട്ടുകിടക്കുന്ന നഗര സ്വഭാവമുള്ള പ്രദേശങ്ങളോ ചേർന്നതാണ് നഗര സഞ്ചയങ്ങൾ. തിരുവന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനും പഞ്ചവത്സര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖ അവലംബിക്കണമെന്ന് മന്ത്രി പറഞ്ഞു. കുടിവെള്ളം, ശുചിത്വം, ഖരമാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഗ്രാന്റ്. മലിന ജലത്തിന്റെ പുനചംക്രമണവും പുനരുപയോഗവും ജലാശയങ്ങളുടെ പുനരുജ്ജീവനം, മഴവെള്ളക്കൊയ്ത്ത് തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സേവന നിലവാരം മെച്ചപ്പെടുന്നുവെന്നത് നിശ്ചിത സമയത്തിനുള്ളിൽ ഉറപ്പുവരുത്തണമെന്നും ഇല്ലെങ്കിൽ വിഹിതം ലഭിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി.

മാലിന്യം വലിച്ചെറിയുന്നതും പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വിധത്തിൽ മാലിന്യ നിക്ഷേപം നടത്തുന്നതും പൂർണമായും അവസാനിപ്പിക്കണം. മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പ്രഥമ പരിഗണന നൽകണം. ഉറവിടത്തിൽ മാലിന്യ സംസ്കരണമടക്കമുള്ള ബദൽ മാലിന്യ സംസ്കരണ രീതികൾ നടപ്പിലാക്കുകയും ജനങ്ങളുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും കോട്ടം തട്ടാത്ത വിധത്തിൽ മാലിന്യ ശേഖരണ കേന്ദ്രങ്ങൾ നവീകരിക്കുകയും വേണം.

കുടിവെള്ള വിതരണം ഇല്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതിയും മലിനജലം പുനചംക്രമണം ചെയ്ത് പുനരുപയോഗിക്കുന്നതിനുള്ള പദ്ധതികളും ഒരേക്കറിൽ കൂടുതൽ വിസ്തൃതിയുള്ള മൂന്ന് ജലാശയങ്ങളെങ്കിലും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതിയും നിർബന്ധമായും ഏറ്റെടുക്കണം.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനും പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണ സമിതികൾ നേതൃപരമായ പങ്കും ഏകോപനവും നിർവ്വഹിക്കണം. കേരളത്തിലെ നഗരസഞ്ചയങ്ങളിൽ നഗരപ്രദേശത്തോടൊപ്പം ഗ്രാമ പ്രദേശങ്ങളും ഉൾപ്പെടുന്നുണ്ട്.

നഗര സഞ്ചയ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം പരിസ്ഥിതി പ്രാധാന്യമുള്ളതുമാണ്. അതിനാൽ ഏകോപനത്തിനും മാർഗ നിർദേശത്തിനും ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻ ചെയർപേഴ്സണായും പ്ലാനിംഗ് ഓഫീസർ കൺവീനറായും ഒരു സബ്കമ്മിറ്റി രൂപീകരിക്കണമെന്നും മന്ത്രി നിർദേശിച്ചു.

# ഹോമിയോ സേവനങ്ങൾ വേഗത്തിൽ ലഭിക്കാൻ മൊബൈൽ ആപ്പ്

ഹോമിയോപ്പതി വകുപ്പിലെ സേവനങ്ങൾ ജനങ്ങളിലെത്തിക്കാൻ സഹായിക്കുന്ന ാഒീാലീ വെബ് അധിഷ്ഠിത മൊബൈൽ ആപ്പ് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പുറത്തിറക്കി. പൊതുജനങ്ങൾക്ക് മൊബൈൽ സാങ്കേതിക വിദ്യകൾ വഴി സർക്കാർ സേവനങ്ങൾ വേഗം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ഹോമിയോപ്പതി വകുപ്പ് മൊബൈൽ ആപ്പ് തയ്യാറാക്കിയതെന്ന് മന്ത്രി പറഞ്ഞു. പൗരൻമാർക്ക് വകുപ്പിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ പ്രത്യേകിച്ച് ഹോമിയോപ്പതി പ്രതിരോധ മരുന്ന് വിതരണം, ഒപി, സ്പെഷ്യൽ ഒപി സേവനങ്ങൾ വേഗത്തിൽ ലഭിക്കും. ഹോമിയോപ്പതി വകുപ്പിലെ പ്രവർത്തനങ്ങളുടെ വിവരശേഖരണ ക്ഷമത പരമാവധി വർദ്ധിപ്പിക്കാനും ഫലപ്രദമായ അവലോകന, ആസൂത്രണ പ്രവർത്തനങ്ങൾ നടത്തുവാനും സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

സ്കൂൾ കുട്ടികൾക്ക് ഹോമിയോപ്പതി പ്രതിരോധ ഔഷധങ്ങൾ രക്ഷകർത്താവിന്റെ സമ്മതത്തോടെ നൽകുന്നതിന് ആപ്പിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

മുൻകൂർ ബുക്ക് ചെയ്ത് അടുത്തുള്ള ഹോമിയോപ്പതി സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങാം.

സമീപ ഭാവിയിൽ ഒ.പി, സ്പെഷ്യൽ ഒപി സേവനങ്ങൾ ഈ രീതിയിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. സേവങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും പരാതികളും അറിയിക്കാൻ സാധിക്കും. ടെലിമെഡിസിൻ സൗകര്യം ഒരുക്കുന്നതിലൂടെ രോഗികൾക്ക് സേവനങ്ങൾ വീട്ടിൽ ലഭിക്കും. ആപ്പിലൂടെ ക്യൂ സംവിധാനം കാര്യക്ഷമമാക്കാനും വിദൂര സ്ഥലങ്ങളിൽ പോലും സേവനങ്ങൾ നൽകാനും കഴിയും. ാഒീാലീ ആപ്പ് ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും h-ttp-s://p-l-ay.goo-g-l-e.com/stor-e/app-s/d-e-ta-i-l-s?i-d=or-g.k-e-tlron.a-h-im-s എന്ന ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്യാം

# സ്കോളർഷിപ്പ് അപേക്ഷ തീയതി നീട്ടി

സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്നവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങളിലുള്ളതുമായ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകുന്ന എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ രണ്ടുവരെ നീട്ടി.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഒരു വർഷം 6,000 രൂപയാണ് സ്കോളർഷിപ്പ്. സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന ലഭിക്കും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ എട്ട് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള നോൺ ക്രീമിലയർ വിഭാഗത്തെയും പരിഗണിക്കും. രണ്ടാം വർഷക്കാരേയും മൂന്നാം വർഷക്കാരേയും സ്കോളർഷിപ്പിനായി പരിഗണിക്കും. ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ.

കഴിഞ്ഞ വർഷം സ്കോളർഷിപ്പിന് അപേക്ഷിച്ച് ലഭിച്ചവർ ഈ വർഷം അപേക്ഷിക്കേണ്ടതില്ല. 10 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകർക്ക് ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.m-inor-tiyw-e-l-f-ar-e.k-er-a-l-a.gov.in എന്ന വകുപ്പ് വെബ്സെറ്റിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക്: 0471 2300524.

# ഇന്ത്യാ സ്കിൽ മേഖലാ മത്സരം

വിശാഖപ്പട്ടണത്ത് നടക്കുന്ന തെക്കൻ മേഖലാ ഇന്ത്യാ സ്കിൽ മത്സരത്തിൽ പങ്കെടുക്കുന്നതിനായി യോഗ്യത നേടിയവർ 27ന് തിരുവനന്തപുരത്ത് നിന്ന് പുറപ്പെടും. ഇതിന്റെ ഫ്ളാഗ് ഓഫ് പൊതു വിദ്യാഭ്യാസ തൊഴിൽ നൈപുണ്യ മന്ത്രി ശിവൻകുട്ടി വഴുതക്കാടുള്ള റോസ് ഹൗസിൽ രാവിലെ 9.30ന് നടത്തും. ഇന്ത്യാ സ്കിൽ കേരള2020 ലെ വിജയികളായ 79 പേരാണ് മേഖല മത്സരത്തിന് യോഗ്യത നേടിയത്. ഈ വിദ്യാർത്ഥികളെ മേഖലാ മത്സരത്തിൽ പങ്കെടുക്കുന്നതിന് വിവിധ വ്യാവസായിക സ്ഥാപനങ്ങളുമായി സഹകരിച്ച് മികച്ച രീതിയിലുള്ള പരിശീലനം നൽകി സജ്ജമാക്കിയിട്ടുണ്ട്. കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന, പോണ്ടിച്ചേരി എന്നീ ആറ് സംസ്ഥാനങ്ങളുൾപ്പെട്ട ഇന്ത്യാ സ്കിൽ തെക്കൻ മേഖല മത്സരം 30 മുതൽ ഡിസംബർ നാല് വരെ നടക്കും. ഇതിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർ ബാംഗ്ലൂരിൽ ഡിസംബർ 22ന് നടക്കുന്ന ഇന്ത്യാ സ്കിൽ ദേശീയ മത്സരത്തിൽ പങ്കെടുക്കും. ദേശീയ മത്സര വിജയികൾ ചൈനയിലെ ഷാൻഹായിൽ നടക്കുന്ന ലോക സ്കിൽ മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കും. വിവരസാങ്കേതിക വിദ്യയുടെ ഏറ്റവും പുതിയ ആവിഷ്ക്കാരങ്ങളായ സൈബർ സെക്യൂരിറ്റിയും മൊബൈൽ റോബോട്ടിക്സും നിത്യജീവിതത്തിന്റെ ഭാഗമായ കേശലങ്കാരം, പാചകം, പുഷ്പാലങ്കാരം എന്നിവ മത്സര ഇനങ്ങളാണ്.

# ലൈഫ് ഭവന പദ്ധതിക്കായി 1500 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലെ അർഹരായ ഭൂരഹിത, ഭവനരഹിതരിൽ ഭൂമി ആർജ്ജിച്ച കുടുംബങ്ങൾക്കും പട്ടികജാതി, പട്ടികവർഗ, മത്സ്യതൊഴിലാളി കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിനായി 1500 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കാൻ അനുമതി നൽകിയതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിലെ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ട് വീട് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ത്വരിതപ്പെടുത്തണമെന്ന് മന്ത്രി നിർദേശിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ ഫണ്ടും സംസ്ഥാന ബജറ്റ് വിഹിതവും ചേർത്ത് ആദ്യഗഡു നൽകാനാവും. എല്ലാ ഗുണഭോക്താക്കൾക്കുമുള്ള തുടർന്നുള്ള ഗഡുക്കൾ ഹഡ്കോ ലോൺ ലഭ്യമാകുന്നതോടെ വിതരണം ചെയ്യും. ലൈഫ് പദ്ധതി മൂന്നാം ഘട്ടത്തിലെ ഭൂമി ആർജ്ജിച്ചിട്ടുള്ളതും പട്ടികജാതി, പട്ടികവർഗ, മത്സ്യ തൊഴിലാളി, അഡീഷണൽ ലിസ്റ്റ് എന്നിവയിൽ ഉൾപ്പെട്ടതുമായ അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കളുമായും കരാറിലേർപ്പെട്ട് ഭവന നിർമ്മാണം പൂർത്തിയാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണമെന്ന് മന്ത്രി പറഞ്ഞു. നിർമ്മാണം ആരംഭിച്ച് വിവിധ സ്റ്റേജുകളിലുള്ള ഭവനങ്ങൾ മുഴുവനും ഡിസംബർ 31ന് മുൻപ് പൂർത്തിയാക്കുവാൻ ആവശ്യമായ സത്വരമായ നടപടികൾ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഭാഗത്ത് നിന്ന് ഉണ്ടാവണം. 2022 മെയ് മാസത്തിന് മുമ്പായി ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കുമെന്ന പ്രഖ്യാപിത ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ എല്ലാവരുടേയും സജീവ സഹകരണം ഉണ്ടാകണമെന്നും മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അഭ്യർത്ഥിച്ചു.

# ഫീറീഇംബേഴ്സ്മെന്റ് സ്കീം: തീയതി നീട്ടി

സർക്കാർ അംഗീകൃത സ്വകാര്യ ഐ.റ്റി.ഐകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകുന്ന ഫീറീഇംബേഴ്സ്മെന്റ് സ്കീം 202122 അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ അഞ്ചു വരെ നീട്ടി. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ്. ഒരു വർഷത്തെ കോഴ്സിന് 10,000 രൂപയും രണ്ടു വർഷത്തെ കോഴ്സിന് 20,000 രൂപ യുമാണ് സ്കോളർഷിപ്പ് തുക. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ എട്ട് ലക്ഷം രൂപ വരെ വാർഷിക വരുമാന മുള്ള എ.പി.എൽ. വിഭാഗത്തെയും പരിഗണിക്കും. 10 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾ ക്കായി സംവരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. അപേക്ഷകർക്ക് ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. രണ്ടാം വർഷ വിദ്യാർത്ഥികൾക്കും പുതുതായി അപേക്ഷ സമർപ്പിക്കാം. www.m-inor-tiyw-e-l-f-ar-e.k-er-a-l-a.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്:0471 2300524.

## സി ഇ റ്റിയിൽ സ്പോട്ട് അഡ്മിഷൻ

കോളേജ് ഓഫ് എഞ്ചിനിയറിങ് ട്രിവാൻഡ്രം 202122 അദ്ധ്യയന വർഷത്തെ ബി.ടെക് കോഴ്സിൽ നിലവിലുള്ള ഒഴിവുകളിൽ 29ന് കോളേജിൽ സ്പോട്ട് അഡ്മിഷൻ നടത്തും. താത്പര്യമുള്ള വിദ്യാർഥികൾ അന്ന് രാവിലെ 9ന് കോളേജിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക.

## ബാർട്ടൺഹിൽ എൻജിനിയറിങ് കോളേജ് സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം ബാർട്ടൺ ഹിൽ ഗവൺമെന്റ് എൻജിനിയറിങ് കോളേജിൽ ഒഴിവുള്ള ബി.ടെക് സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 30 ന് നടക്കും.

വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളുമായി രാവിലെ 10 ന് കോളേജിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.g-e-c-b-h.a-c.in.

# പ്രൊഫഷണൽ ഡിഗ്രി ഇൻ നഴ്സിംഗ് ആൻഡ് പാരാമെഡിക്കൽ കോഴ്സ്

പ്രൊഫഷണൽ ഡിഗ്രി ഇൻ നഴ്സിംഗ് ആൻഡ് പാരാമെഡിക്കൽ കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ ഒന്നാം ഘട്ട അലോട്ട്മെന്റ് ാാാ.ഹയരെലഭ്യൈല.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ടെടുത്ത ഫീപെയ്മെന്റ് സ്ലിപ്പ് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ ഹാജരാക്കി നവംബർ 30 നകം നിർദ്ദിഷ്ട ഫീസ് ഒടുക്കണം. ഓൺലൈനായും ഫീസ് ഒടുക്കാം. അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർ അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കപ്പെടേണ്ടതില്ലെങ്കിൽ അവ ഓപ്ഷൻ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യണം. ഫീസ് അടയ്ക്കാത്തവർക്ക് അലോട്ട്മെന്റ് നഷ്ടപ്പെടുകയും അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതുമല്ല. ഫീസ് അടച്ചവർ കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതില്ല. രണ്ടാം ഘട്ട അലോട്ട്മെന്റിലേക്കുള്ള ഓപ്ഷൻ പുന:ക്രമീകരണം നവംബർ 30 മുതൽ ഡിസംബർ 2 ന് അഞ്ചു വരെ. കൂടുതൽ വിവരങ്ങൾക്ക് 04712560363,64 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# നോർക്ക റൂട്ട്സ് സ്കോളർഷിപ്പോടെ നഴ്സുമാർക്ക് ഒ. ഇ. ടി പരിശീലനം

ഇംഗ്ലീഷ് മാതൃഭാഷയായ രാജ്യങ്ങളിൽ തൊഴിൽ തേടുന്നതിന് തയാറെടുക്കുന്ന നഴ്സുമാർക്ക് നോർക്ക റൂട്ട്സ് സ്കോളർഷിപ്പോടെ ഒക്കുപേഷണൽ ഇംഗ്ലീഷ് ടെസ്റ്റ് (ഒ.ഇ.ടി) പരിശീലനത്തിന് അവസരം. നൈസ് (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്) അക്കാദമിയുമായി ചേർന്ന് നടത്തുന്ന ഓൺലൈൻ കോഴ്സിലേക്ക് പ്രവേശനത്തിന് ഡിസംബർ 12 വരെ അപേക്ഷിക്കാം. കോഴ്സ് ഫീസിന്റെ 75 ശതമാനം തുകയും സ്കോളർഷിപ്പ് ലഭിക്കും. താത്പര്യമുള്ള ഉദ്യോഗാർഥികൾ സെശഹഹ.ീൃസമ@ഴാമശഹ.രീാ എന്ന ഇമെയിലിലേക്ക് ബയോഡേറ്റ അയക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് 9895762632, 9567293831, 9946256047, 18004253939 (ടോൾ ഫ്രീ) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# സംസ്ഥാനത്ത് ഇന്ന് 4677 പേർക്ക് കോവിഡ്; പരിശോധിച്ചത് 56,558 സാമ്പിളുകൾ



തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 4677 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 823, തിരുവനന്തപുരം 633, കോഴിക്കോട് 588, തൃശൂർ 485, കോട്ടയം 369, കൊല്ലം 330, കണ്ണൂർ 295, പാലക്കാട് 208, പത്തനംതിട്ട 202, വയനാട് 202, മലപ്പുറം 162, ഇടുക്കി 150, ആലപ്പുഴ 144, കാസർഗോഡ് 86 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 56,558 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 19 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 21 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,69,347 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,64,542 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 4805 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.

285 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 49,459 കോവിഡ് കേസുകളിൽ, 7.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 33 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്ര സർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 355 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതോടെ സംസ്ഥാനത്തെ ആകെ മരണം 39,125 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 16 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 4320 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 308 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 33 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 6632 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 812, കൊല്ലം 748, പത്തനംതിട്ട 312, ആലപ്പുഴ 136, കോട്ടയം 786, ഇടുക്കി 290, എറണാകുളം 947, തൃശൂർ 695, പാലക്കാട് 285, മലപ്പുറം 160, കോഴിക്കോട് 772, വയനാട് 182, കണ്ണൂർ 437, കാസർഗോഡ് 70 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 49,459 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 50,35,384 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

നോട്ടിക്കൽ ടൈംസ് കേരള



ഇ.വി കൺസോർഷ്യം ധാരണാപത്രം മുഖ്യമന്ത്രി പിണറായി വിജയൻ വ്യവസായ മന്ത്രി പി. രാജീവിന് കൈമാറുന്നു

# എക്രോസിന്റെയും അതിന്റെ എട്ട് ഉപപദ്ധതികൾക്കും അടുത്ത സാമ്പത്തിക ചക്രത്തിലേക്കുള്ള ചെലവ് 2,135 കോടി രൂപയായിരിക്കും

'അന്തരീക്ഷ കാലാവസ്ഥാ ഗവേഷണംമോഡലിംഗ് നിരീക്ഷണസംവിധാനവും സേവനങ്ങളും(എക്രോസ്) എന്ന കുടയ്ക്ക് കീഴിലുള്ള പദ്ധതികളും (അംബ്രലാ സ്കീം) അതിന്റെ എട്ട് ഉപപദ്ധതികളും അഞ്ചു വർഷത്തെ അടുത്ത സാമ്പത്തിക ചക്രത്തിലും തുടരുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സാമ്പത്തിക കാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭാ സമിതി അനുമതി നൽകി. 2,135 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പദ്ധതി 20212026 സാമ്പത്തിക ചക്രത്തിലും തുടരാനാണ് അനുമതി. ഭൗമശാസ്ത്ര മന്ത്രാലയം (എം.ഒ.ഇ.എസ്) അതിന്റെ യൂണിറ്റുകളായ ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ വകുപ്പ് (ഇന്ത്യൻ മീറ്ററോളിജിക്കൽ ഡിപ്പാർട്ട്മെന്റ് ഐ.എം.ഡി), നാഷണൽ സെന്റർ ഫോർ മീഡിയം റേഞ്ച് വെതർ ഫോർകാസ്റ്റിംഗ് (ദേശീയ മദ്ധ്യതല കാലാവസ്ഥാ മുന്നറിയിപ്പ് കേന്ദ്രം എൻ.സി.എം.ആർ. ഡബ്ല്യു. എഫ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മീറ്റീരിയോളജി (ദേശീയ ഉഷ്ണമേഖലാ കാലാവസ്ഥ ഇൻസ്റ്റിറ്റ്യൂട്ട് ഐ.ഐ.ടി.എം), ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (അന്തർദ്ദേശീയ സമുദ്ര മുന്നറിയിപ്പ് കേന്ദ്രംഇൻകോസിസ്). എന്നിവ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്;

**വിശദാംശങ്ങൾ:**

കാലാവസ്ഥയേയും കാലാവസ്ഥാ സേവനത്തിന്റെയും വിവിധ വശങ്ങൾ അഭിസംബോധന ചെയ്യുന്ന ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ (എർത്ത് സയൻസസ് മന്ത്രാലയത്തിന്റെ എം.ഒ.ഇ.എസ്) അന്തരീക്ഷ ശാസ്ത്ര പരിപാടികളുമായി ബന്ധപ്പെട്ടതാണ് എക്രോസ് പദ്ധതി. എക്രോസ് എന്ന ഒരുകുടക്കീഴിൽ വരുന്ന പദ്ധതിയിൽ ഈ വശങ്ങളെ ഓരോന്നും എട്ട് ഉപപദ്ധതികളായി കൂട്ടിച്ചേർത്ത് നേരത്തെ പറഞ്ഞ നാല് സ്ഥാപനങ്ങൾ മുഖേന സംയോജിത രീതിയിൽ നടപ്പിലാക്കുന്നു.

**നടപ്പാക്കൽ തന്ത്രവും ലക്ഷ്യവും:**

ഋതുഭേദങ്ങളുടെയും കാലാവസ്ഥയുടെയും എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നതിനായി വിവിധ വിഷയ സ്വഭാവമുള്ള എക്രോസ് പദ്ധതിക്ക് കീഴിലുള്ള എട്ട് ഉപപദ്ധതികളും ഐ.എം.ഡി, ഐ.ഐ.ടി.എം, എൻ.സി.എം.ആർ.ഡബ്ല്യൂ.എഫ്, ഇൻകോസിസ് എന്നിവയിലൂടെ സംയോജിത രീതിയിലാണ് നടപ്പിലാക്കുക. താഴെപ്പറയുന്ന എട്ട് പദ്ധിതികളിലൂടെ മേൽപ്പറഞ്ഞ ചുമതലകൾ നിറവേറ്റുന്നതിന് ഓരോ സ്ഥാപനത്തിനും നിയുക്തമായ പങ്കുണ്ട്:

പോളാരിമെട്രിക് ഡോപ്ലർ വെതർ റഡാറുകളുടെ (ഡി.ഡബ്ല്യു.ആർ) കമ്മീഷൻ ചെയ്യൽഐ.എം.ഡി

(2) മുന്നറിയിപ്പ് സംവിധാനത്തിന്റെ ആധുനികവൽക്കരണം (ഫോർകാസ്റ്റ് സിസ്റ്റം) ഐ.എം.ഡിയുടെ നവീകരണം

(3) ഋതുഭേദവും കാലാവസ്ഥാ സേവനങ്ങളും ഐ.എം.ഡി

(4) അന്തരീക്ഷ നിരീക്ഷണ ശൃംഖല1 എം.ഡി

(5) ഋതുഭേദങ്ങളുടെയും കാലാവസ്ഥയുടെയും ന്യൂമറിക്കൽ മോഡലിംഗ് എൻ.സി.എം.ആർ.ഡബ്ല്യു. എഫ്

(6) മൺസൂൺ മിഷൻ 111 ഐ.ഐ.ടി.എം/ എൻ.സി.എം.ആർ.ഡബ്ല്യൂ.എഫ്/ഇകോസിസ്/ഐ.എം.ഡി

(7) മൺസൂൺ സംവഹനം (കൺവെക്ഷൻ), മേഘങ്ങൾ, കാലാവസ്ഥാ വ്യതിയാനം (എ.സി4) ഐ.ഐ.ടി.എം/ എൻ.സി.എം.ആർ.ഡബ്ല്യൂ.എഫ്/ഐ.എം.ഡി

(8) ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് സിസ്റ്റം (എച്ച്പി.സി.എസ്)ഐ.ഐ.ടി.എം/ എൻ.സി.എം.ആർ.ഡബ്ല്യു.എഫ്.

തൊഴിലവസര സൃഷ്ടിക്കൽ സാദ്ധ്യതകൾ ഉൾപ്പെടെയുള്ള പ്രധാന നേട്ടം

മെച്ചപ്പെട്ട ഋതുഭേദ, കാലാവസ്ഥ, സമുദ്ര പ്രവചനം, സേവനങ്ങൾ എന്നിവയും മറ്റ് അപകട സംബന്ധമായ സേവനങ്ങളും നൽകുകയും അതുവഴി

പൊതു കാലാവസ്ഥാ സേവനം, കാർഷികകാലാവസ്ഥാ സേവനങ്ങൾ, വ്യോമയാന സേവനങ്ങൾ, പരിസ്ഥിതി നിരീക്ഷണ സേവനങ്ങൾ, ജല കാലാവസ്ഥാ സേവനങ്ങൾ, കാലാവസ്ഥാ സേവനങ്ങൾ, വിനോദസഞ്ചാരം, തീർത്ഥാടനം, വൈദ്യുതി ഉൽപ്പാദനം, ജല പരിപാലനം, കായികം സാഹസികത തുടങ്ങിയ വിവിധ സേവനങ്ങളിലൂടെ അന്തിമ ഉപഭോക്താവിന് ആനുപാതികമായ ആനുകൂല്യങ്ങൾ കൈമാറുന്നത് ഉറപ്പാക്കുകയും ചെയ്യും. പ്രവചനം സൃഷ്ടിക്കുന്നത് മുതൽ അതിന്റെ വിതരണം വരെയുള്ള മുഴുവൻ പ്രക്രിയയ്ക്കും ഓരോ ഘട്ടത്തിലും ഗണ്യമായ മാനവശേഷി ആവശ്യമാണ്, അതുവഴി നിരവധി ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

ഋതുഭേദങ്ങൾ, കാലാവസ്ഥ, സമുദ്രം എന്നിവയുടെ ഘടകങ്ങൾ നിരീക്ഷിക്കുകയും കാലാവസ്ഥാ ശാസ്ത്രത്തെ അഭിസംബോധന ചെയ്യുന്നതുൾപ്പെടെ സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ നേട്ടങ്ങൾക്കായി ഋതുഭേദം, കാലാവസ്ഥ, അപകട സംബന്ധമായ പ്രതിഭാസങ്ങൾ എന്നിവ പ്രവചിക്കാനുള്ള കഴിവ് വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ഗവേഷണവികസന പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ അനുശാസനാകളിലൊന്ന്. ആഗോള കാലാവസ്ഥാ വ്യതിയാനം മൂലമുള്ള തീവ്രമായ കാലാവസ്ഥാ സംഭവങ്ങളുടെ വർദ്ധനവും കഠിനമായ കാലാവസ്ഥയുമായി ബന്ധപ്പെട്ട അപകടസാദ്ധ്യതകളും ഐ.എം.ഡി, ഐ.ഐ.ടി.എം, എൻ.സി.എം.ആർ.ഡബ്ല്യൂ.എഫ്, ഇൻകോസിസ് എന്നിവയിലൂടെ സംയോജിതമായി നടപ്പിലാക്കുന്ന നിരവധി ക്രമപ്പെടുത്തിയ ലക്ഷ്യമുള്ള പരിപാടികൾ രൂപീകരിക്കാൻ എം.ഒ.ഇ.എസ്നെ പ്രേരിപ്പിച്ചു. ഇതിന്റെ ഫലമായി, ഈ പ്രവർത്തനങ്ങൾ എക്രോസ് എന്ന ഒരുകുടയ്ക്ക് കീഴിൽ വരുന്ന പദ്ധതികളിൽ ഒന്നിച്ചുചേർത്തു.

## കോവാക്സിൻ 50 ശതമാനം മാത്രം ഫലപ്രാപ്തി

ന്യൂഡൽഹി: ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ഭാരത് ബയോടെകിന്റെ കോവിഡ് പ്രതിരോധ വാക്സിനായ കോവാക്സിൻ പ്രത്യക്ഷ ലക്ഷണങ്ങൾ കാണിക്കുന്ന കോവിഡിന് 50 ശതമാനം മാത്രം ഫലപ്രദമെന്ന് പഠനം. രണ്ടു ഡോസ് വാക്സിനെടുത്താൽ 50 ശതമാനം ഫലപ്രാപ്തിയുണ്ടാകുമെന്ന് ലാൻസെറ്റ് ഇൻഫെക്ഷ്യസ് ഡിസീസസ് ജേർണലിൽ പ്രസിദ്ധീകരിച്ച പഠനം പറയുന്നു.

ഡൽഹി എയിംസിൽ ഏപ്രിൽ 15 മുതൽ മെയ് 15 വരെ രോഗലക്ഷണങ്ങളുള്ള 2,714 ആശുപത്രി ജീവനക്കാരെ കേന്ദ്രീകരിച്ച് പഠനം നടത്തിയിരുന്നു.

ആർടിപിസിആർ പരിശോധനയിൽ ഇവർക്ക് കോവിഡ് സ്ഥിരീകരിച്ചിരുന്നു. പഠനകാലത്ത് ഡെൽറ്റ വേരിയന്റ് കേസുകളായിരുന്നു ഇന്ത്യയിൽ കൂടുതൽ. രോഗമുള്ളവരിൽ 80 ശതമാനം പേരിലും ഡെൽറ്റ വകഭേദമാണ് സ്ഥിരീകരിച്ചത്. ഇന്ത്യയിൽ കോവിഡിന്റെ രണ്ടാംതരംഗത്തിന്റെ കാലത്താണ് ആരോഗ്യപ്രവർത്തകരിൽ പഠനം നടത്തിയത്.

# പ്രവാസികളെ ചൂഷണം ചെയ്യുന്ന വ്യാജൻമാർക്കെതിരെ പ്രവാസി ക്ഷേമ ബോർഡ്

കേരള പ്രവാസി ക്ഷേമ നിധിയിൽ പ്രവാസികൾക്ക് അംഗത്വം എടുത്തു നല്കാം എന്ന വ്യാജ പ്രചരണവുമായി പ്രവാസികളെ ചൂഷണം ചെയ്യുന്ന തട്ടിപ്പുകാർക്കെതിരെ മുന്നറിയിപ്പുമായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്. ക്ഷേമ നിധിയിൽ അർഹരായ പ്രവാസി കേരളീയർക്ക് ഓൺലൈനായി അംഗത്വമെടുക്കുന്നതിനുള്ള സുരക്ഷിതമായ എല്ലാ സൗകര്യങ്ങളും കേരള പ്രവാസി ക്ഷേമ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.pr-av-a-si-k-er-a-l-a.or-g മുഖേന ഒരുക്കിയിട്ടുണ്ട്. ഓഫ്ലൈൻ ആയി അംഗത്വ അപേക്ഷ സ്വീകരിക്കുന്നതിനുള്ള സൗകര്യം നിലനിർത്തിയിട്ടുണ്ടെന്ന് ബോർഡ് പത്രക്കുറിപ്പിലൂടെ അറിയിച്ചു.

അംഗത്വത്തിനായുള്ള രജിസ്ട്രേഷൻ ഫീസ് 200 രൂപ മാത്രമാണ്. ഒമാനിൽ പ്രവർത്തിക്കുന്ന ഗ്ലോബൽ മണി എക്സ്ചേഞ്ച്, മലപ്പുറം കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രവാസി ലിമിറ്റഡ്, (കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ: 4455, മലപ്പുറം) എന്നീ സ്ഥാപനങ്ങൾ മാത്രമാണ് അർഹതയുള്ളവർക്ക് പ്രവാസി ക്ഷേമനിധി അംഗത്വം ബോർഡിന്റെ ഓൺലൈൻ സംവിധാനം വഴി നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ള അംഗീകൃത സ്ഥാപനങ്ങൾ. എന്നാൽ ക്ഷേമ നിധി അംഗത്വം എടുത്തുനൽകാമെന്ന പരസ്യപ്രചാരണം നടത്തി ചില തട്ടിപ്പുകാർ വ്യാജ വെബ്സൈറ്റുകൾ വഴി പ്രവാസികളിൽ നിന്നും വൻതുക ഈടാക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഓൺലൈനായി അംഗത്വം എടുക്കുന്നതിന് 200 രൂപ മാത്രമാണ് രജിസ്ട്രേഷൻ ഫീസായി നൽകേണ്ടത്. യാതൊരുവിധ അധികതുകയും നൽകേണ്ടതില്ല. തട്ടിപ്പിനിരയാകാതെ സുരക്ഷിതമായി അംഗത്വം എടുക്കുന്നതിനായി ഒ.ടി.പി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു വഴി അർഹതയുള്ള ഓരോ പ്രവാസി കേരളീയനും തങ്ങളുടെ യൂസർ ഐ.ഡിയും പാസ്വേഡും ലഭ്യമാക്കിയ ശേഷം സുരക്ഷിതമായി, ചൂഷണത്തിന് വിധേയമാകാതെ അംഗത്വമെടുക്കുന്നതിനും മറ്റ് അടവുകൾ നടത്തുന്നതിനും കഴിയും. നിലവിലുള്ള അംഗങ്ങൾക്ക് തങ്ങളുടെ മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്ത് പാസ്വേർഡ് സംവിധാനമുപയോഗിച്ച് ലോഗിൻ നടത്താം.

സോഫ്റ്റ് വെയർ സംബന്ധമായ സംശയങ്ങൾക്കും സഹായത്തിനുമായി 8547902515, 04712785500, 502 എന്ന ഹെല്പ്പ് ലൈൻ നമ്പറുകൾ ഉപയോഗപ്പെടുത്താം. ക്ഷേമനിധി അംഗത്വത്തിനായി അധികതുക ഈടാക്കി പ്രവാസികളെ ചൂഷണം ചെയ്യുന്ന തട്ടിപ്പ് തടയുന്നതിനും ഇത്തരക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും പോലീസിൽ പരാതി നല്കിയിട്ടുണ്ടെന്നും ബോർഡ് അറിയിച്ചു.

# കുടുംബശ്രീയുടെ മുറ്റത്തെമുല്ല പദ്ധതി കൂടുതൽ ശക്തിപ്പെടുത്തും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

കൊള്ളപ്പലിശയെടുത്ത് ജീവിതം കടക്കെണിയിലായ കുടുംബങ്ങളെ രക്ഷിക്കാനായി ആവിഷ്കരിച്ച 'മുറ്റത്തെ മുല്ല' പദ്ധതി എല്ലാ ജില്ലകളിലും ശക്തിപ്പെടുത്തുമെന്നും സഹകരണമേഖലയുമായി കൈകോർത്ത് കൂടുതൽ സ്ത്രീകൾക്ക് ആശ്വാസമേകുന്ന നിലയിൽ പദ്ധതിയെ വിപുലപ്പെടുത്തുമെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

നിർധനരായ കുടുംബങ്ങളെ വട്ടിപ്പലിശക്കാർ പിഴിയുന്ന വ്യവസ്ഥ ഇല്ലാതാക്കാൻ വീടുകളിലേക്കെത്തി ലളിതമായ നടപടി ക്രമങ്ങളിലൂടെ ഏറ്റവും കുറഞ്ഞപലിശയ്ക്ക് ലഘുവായ്പ നൽകുകയും ആഴ്ചതോറുമുള്ള തിരിച്ചടവിലൂടെ ഗുണഭോക്താക്കളിൽ നിന്നും വായ്പാ തുക ഈടാക്കുകയും ചെയ്യുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല'. സമൂഹത്തിന്റെ താഴെ തട്ടിലുള്ള കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ, നിർദ്ധന കുടുംബങ്ങൾ തുടങ്ങിയവർ അമിത പലിശ ഈടാക്കുന്ന വായ്പകളിൽ കുരുങ്ങുന്നത് ഒഴിവാക്കാനാണ് സർക്കാർ ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്. മുറ്റത്തെ മുല്ലയിലൂടെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും സാധിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

പാലക്കാട് ജില്ലയിലാണ് 2018ൽ പദ്ധതി ആരംഭിച്ചത്. കുടുംബശ്രീ ജില്ലാമിഷനും ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളും പദ്ധതിയുമായി സഹകരിച്ചു. തുടർന്നാണ് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചത്. നടപ്പു സാമ്പത്തിക വർഷം 535.65 കോടി രൂപയുടെ വായ്പയാണ് സഹകരണ ബാങ്കുകൾ വഴി അയൽക്കൂട്ടങ്ങൾക്ക് നൽകിയത്. 39,195 കുടുംബങ്ങൾക്ക് ഇതിലൂടെ സഹായം ലഭിച്ചു. 586 സഹകരണ ബാങ്കുകളുടെ സഹകരണത്തോടെ, 456 സി ഡി എസുകളിലൂടെ, 2,386 അയൽക്കൂട്ടങ്ങളാണ് മുറ്റത്തെ മുല്ല പദ്ധതി നടപ്പിലാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. കടക്കെണിയിൽപ്പെട്ട കുടുംബങ്ങളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ മണിലെൻഡേഴ്സ് സർവേ സംഘടിപ്പിച്ചുകൊണ്ടാണ് പദ്ധതി ആരംഭിച്ചത്. സ്വകാര്യ മൈക്രോഫിനാൻസുകാർ 35 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുമ്പോൾ, കുടുംബശ്രീ കുറഞ്ഞ പലിശ നിരക്കിൽ ഒരാൾക്ക് 1,000 മുതൽ 50,000 രൂപ വരെ 52 ആഴ്ച കാലാവധിയിലാണ് വായ്പ നൽകുന്നതെന്ന് മന്ത്രി പറഞ്ഞു.

ചില ജില്ലകളിൽ സഹകരണ ബാങ്കുകളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിൽ വേണ്ടത്ര മുന്നേറ്റമുണ്ടായിട്ടില്ല. വരും നാളുകളിൽ ആ കുറവ് പരിഹരിക്കുന്നതിനായി ഇടപെടുമെന്നും പദ്ധതിയിലേക്കുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം ഗണ്യമായി വർധിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

# റോഡുകളുടെ ഡിഫക്ട് ലയബിലിറ്റി കാലാവധി പ്രസിദ്ധീകരിച്ചത് ചരിത്രപരമായ നടപടി: മന്ത്രി

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള രണ്ടായിരത്തിലധികം റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം കേടുപാടുകൾ കൂടാതെ കരാറുകാരന്റെ ബാധ്യതയിൽ പരിപാലിക്കുന്നതിന് ഏറ്റവും കുറഞ്ഞ കാലാവധി (ഡിഫക്ട് ലയബിലിറ്റി പിരീഡ്) വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ച നടപടി ചരിത്രപരമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി പി.എ മുഹമ്മദ് റിയാസ്. മസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ സിനിമാ നടൻ ഇന്ദ്രൻസ് ഡിഫറന്റ് ലയബിലിറ്റി പിരീഡിന്റെ (ഡി.എൽ.പി) വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രകാശനം ചെയ്തു.

റോഡുകളുടെ നിർമ്മാണമോ പുനരുദ്ധാരണമോ നടത്തിയ കരാറുകാരന്റേയും ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി എൻജിനിയറുടെയും പേരുകളും ഫോൺ നമ്പറുകളും ജില്ല തിരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റോഡുകളുടെ കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ജനങ്ങൾക്ക് വെബ്സൈറ്റിൽ നോക്കി റോഡിന്റെ ഡിഫക്ട് ലൈബിലിറ്റി കാലാവധി (ഡി.എൽ.പി ) കഴിഞ്ഞിട്ടുണ്ടോ എന്ന് മനസ്സിലാക്കി ബന്ധപ്പെട്ട കരാറുകാരനെയോ എൻജിനിയറെയോ ഫോണിൽ ബന്ധപ്പെടാം, കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ ടോൾഫ്രീ നമ്പറിലും വിളിക്കാമെന്ന് മന്ത്രി പറഞ്ഞു.

പൊതുമരാമത്ത് വകുപ്പിൽ വരുന്ന വലിയ മാറ്റങ്ങളുടെ തുടക്കം മാത്രമാണ് ഇതെന്നും പൊതു റോഡുകൾ സംബന്ധിച്ച വിഷയങ്ങളിൽ കാഴ്ചക്കാരായി മാറി നിൽക്കാതെ ഡി.എൽ.പി വിശദാംശങ്ങൾ പരിശോധിച്ച് പൊതുജനം കാവൽക്കാരായി മാറണമെന്ന് മന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഭാഗമാകാനുള്ള അവസരമാണ് ഡി.എൽ.പി വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചതിലൂടെ ലഭിച്ചതെന്ന് നടൻ ഇന്ദ്രൻസ് അഭിപ്രായപ്പെട്ടു. ഈ നടപടിയിലൂടെ ഉദ്യോഗസ്ഥരും കരാറുകാരും പ്രവർത്തനങ്ങളിൽ കൂടുതൽ ജാഗ്രത കാണിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഡി.എൽ.പി കാലാവധിയുടെ വിശദാംശങ്ങൾ പി.ഡബ്ല്യു.ഡി കേരള വെബ്സൈറ്റിൽ 'ഡി.എൽ.പി വർക്ക്ലിസ്റ്റ് ' എന്ന ലിങ്കിൽ ലഭ്യമാണ്. പി.ഡബ്ല്യു.ഡി സെക്രട്ടറി ആനന്ദ് സിംഗ്, ചീഫ് എഞ്ചിനീയർ (റോഡ്സ്) അജിത് രാമചന്ദ്രൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# 'തദ്ദേശകം' ഓൺലൈൻ ചർച്ചാവേദിക്കു തുടക്കം

പ്രാദേശിക ഭരണം ശക്തിപ്പെടുത്തുവാനുള്ള ഓൺലൈൻ ചർച്ചാവേദി 'തദ്ദേശകം' തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണവും ശക്തിപ്പെടുത്തുന്നതിനുള്ള ഓൺലൈൻ ചർച്ചാവേദി എന്ന നിലയിൽ കില രൂപകൽപ്പന ചെയ്തതാണ് 'തദ്ദേശകം' ഓൺലൈൻ ചർച്ചാവേദി. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ 'തദ്ദേശകം' ഓൺലൈൻ ചർച്ചാവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കില സിസ്റ്റം അഡ്മിനിസ്ട്രേറ്റർ മിറാഷ് ഒ.എസ്. സ്വാഗതം പറഞ്ഞു.

അധികാരവികേന്ദ്രീകരണം തദ്ദേശസ്വയംഭരണം എന്ന വിഷയങ്ങളിൽ താൽപര്യമുള്ളവർക്ക് ചർച്ചാ വേദിയിൽ പങ്കെടുക്കാം. അംഗങ്ങൾ നിർദ്ദേശിക്കുന്ന വിഷയങ്ങൾ മോഡറേറ്റർ പോർട്ടലിൽ പ്രസിദ്ധീകരിക്കും. അംഗങ്ങൾ വിഷയങ്ങൾ നിർദ്ദേശിക്കുമ്പോൾ ആ വിഷയത്തിന്റെ പശ്ചാത്തലം, എന്തിനാണ് വിഷയം ചർച്ച ചെയ്യേണ്ടത്, ഈ ചർച്ചയിലൂടെ ലഭിക്കുന്ന ആശയങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഒരു വിഷയത്തിന്റെ മുൻഗണന, കാലയളവ് എന്നിവ അതത് വിഷയത്തിന്റെ പ്രാധാന്യമനുസരിച്ച് മോഡറേറ്റർക്ക് നിശ്ചയിക്കാം.

ഓരോ ചർച്ചയുടെയും സംക്ഷിപ്ത രൂപം ചർച്ച അവസാനിപ്പിച്ച് ഒരു ആഴ്ചക്കുള്ളിൽ പ്രസിദ്ധീകരിക്കും. ഇംഗ്ലീഷിലോ മലയാളത്തിലോ ഈ ചർച്ചകളിൽ പ്രതികരിക്കാം. അതത് വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ചിത്രങ്ങൾ, കേസ് സ്റ്റഡി എന്നിവ അപ്‌ലോഡ് ചെയ്യാനുള്ള സംവിധാനവും ഈ വേദിയിൽ ഉണ്ടായിരിക്കും. പൊതുജനങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സംവിധാനം ഫലപ്രദമായി ഉപയോഗിക്കണമെന്ന് മന്ത്രി പറഞ്ഞു. പോർട്ടൽ അഡ്രസ്: വ േു െ://വേമററലമെസ മാ.സശഹമ.മര.ശി/.

## കേരളോത്സവം 2021; ഇത്തവണ ഓൺലൈനായി രജിസ്ട്രേഷൻ നാളെ മുതൽ

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കേരളോത്സവം 2021 കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈനായി ഇത്തവണ നടത്തും.

മത്സരാർത്ഥികൾക്കും ക്ലബ്ബുകൾക്കും www.k-er-a-lo-tsav-am.com വെബ് സൈറ്റ് മുഖേന നാളെ (നവംബർ 25) മുതൽ 30 വരെ രജിസ്റ്റർ ചെയ്യാം.

രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ മത്സരാർത്ഥികൾക്ക് രജിസ്റ്റർ കോഡ് നമ്പരുകൾ ലഭ്യമാകും.

ഇവ ഉപയോഗിച്ചാണ് അടുത്തഘട്ടത്തിൽ മത്സരങ്ങളുടെ റെക്കോർഡ് ചെയ്ത വീഡിയോകൾ അപ്ലോഡ് ചെയ്യേണ്ടത്.

വീഡിയോയിൽ മത്സരാർത്ഥികൾ ലഭിച്ച ഫോൺ നമ്പറുകൾ വ്യക്തമായി പ്രദർശിപ്പിക്കണം. മത്സര വീഡിയോകൾ പ്രാഥമിക തലത്തിൽ സ്ക്രീനിംഗ് നടത്തിയശേഷം ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരിനത്തിൽ നിന്ന് അഞ്ച് എൻട്രികൾ വീതം ജില്ലാതലത്തിലേക്ക് നൽകും. ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടിയവർ വീഡിയോ സംസ്ഥാന മത്സരത്തിലേക്കായി ഒരു തവണകൂടി അപ്ലോഡ് ചെയ്യണം. അല്ലാത്തവർക്ക് പങ്കെടുകകാനാകില്ല. ജില്ലാ സംസ്ഥാനതല മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രൈസ്മണി, സർട്ടിഫിക്കറ്റ് എന്നിവ നൽകും.

# സംരംഭകത്വ പ്രോത്സാഹന നിയമങ്ങളും നടപടിക്രമങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ശില്പശാല നടത്തി

സംരംഭകത്വ പ്രോത്സാഹന നിയമങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാ പഞ്ചായത്ത് ജയൻ സ്മാരക ഹാളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ഏകദിന ശില്പശാല നടത്തി. നിയമങ്ങളും നടപടിക്രമങ്ങളും ഇതര സാഹചര്യങ്ങളും സംരംഭങ്ങൾ ആരംഭിക്കുന്നതിന് എത്രത്തോളം സഹായകരമാണെന്ന് കണ്ടെത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിങ് ബിസിനസ് മെച്ചപ്പെടുത്തി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക ആണ് ലക്ഷ്യം. സംരംഭകത്വ നിയമങ്ങൾ സുഗമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഷയത്തിലുള്ള അവബോധം വർധിപ്പിക്കാനും കൂടിയാണ് പരിശീലനം.

കൊല്ലം, കുന്നത്തൂർ, കരുനാഗപ്പള്ളി താലൂക്കുകളിലെ സെക്രട്ടറിമാർ, എൻജിനീയർമാർ തുടങ്ങിയവർക്കാണ് പരിശീലനം സംഘടിപ്പിച്ചത്. ശില്പശാലയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ സാങ്കേതിക സെഷനുകളും നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ഉദ്ഘാടനം ചെയ്തു. യുവതലമുറയെ പുതിയ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തമാക്കുകയും അതുവഴി കൂടുതൽ പേരിലേക്ക് തൊഴിൽ അവസരങ്ങൾ എത്തിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ കലക്ടർ അഫ്സാന പർവീൺ മുഖ്യപ്രഭാഷണം നടത്തി. ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ നടപടിക്രമങ്ങൾ വേഗത്തിലും സുതാര്യവുമായി പൂർത്തിയാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രധാന പങ്കുണ്ട്. ഇതിന്റെ ഭാഗമായ നിയമങ്ങളെയും നടപടിക്രമങ്ങളെയും അടുത്തറിയുന്നതിന് ശില്പശാലകൾ സഹായകരമാകുമെന്നും കലക്ടർ പറഞ്ഞു.

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ അധ്യക്ഷനായി. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ആർ. ദിനേശ്, ജില്ലാ ടൗൺ പ്ലാനർ എം. വി. ശാരി, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ. സുനിൽകുമാർ, ഉപജില്ലാ വ്യവസായ ഓഫീസർ ഗ്ലാഡ്വിൻ അലോഷ്യസ്, കെ.പി.എം.ജി മാനേജർ ഇജാസ് ആലം ഖാൻ, കെ.എസ്.ഐ.ഡി.സി അസിസ്റ്റന്റ് ജനറൽ മാനേജർ വർഗീസ് മാളക്കാരൻ തുടങ്ങിയവർ പങ്കെടുത്തു.

# വസന്തഗീതങ്ങൾ സമ്മാനിച്ച് ബിച്ചു യാത്രയായി!



കൊല്ലം: സൗരമയൂഖം സ്വർണം പൂശിയ സ്വരമണ്ഡലമായ ഭൂമിയിൽ സ്മൃതിമണ്ഡപമാം ജീവിതമെന്നും മായാജാലം മാത്രമെന്ന് ഓർമപ്പെടുത്തിയ മഹാപ്രതിഭ. മലകളും പുഴകളും മണിപ്രവാളങ്ങളും മനസിനെ രസിപ്പിക്കുന്ന മലയാളത്തിൻറെ തിരുമുന്പിലുണരുന്ന ഹൃദയവുമായ് വന്ന മലയാളി പാട്ടെഴുത്തുകാരൻ...

ശ്രുതിയിൽ നിന്നുയരുന്ന നാദശലഭങ്ങളെ മനസിൻറെ ഉപവനത്തിൽ പറന്നുവരാൻ ക്ഷണിച്ച, മണലിൻറെ മാറിൽ തളർന്നു മയങ്ങുന്ന നഖചിത്ര തടത്തിലെ ലിപികൾ ഏതോ നവരത്ന ദ്വീപിലെ നിധികളാണെന്ന് വിശേഷിപ്പിച്ച, സർഗധനനായ കവി... ഓരോ ചിറകിന്മേലും ഒരു പൂക്കാലം വിരിയുന്നുവെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു...

വാലിട്ടെഴുതിയ നീലക്കടക്കണ്ണിൽ മീനോ ഇളംമാനോ ഓലഞ്ഞാലിക്കുരുവിയോ കൂടുകൂട്ടും പുളകമോ പീലി വീശിയാടും മാമയിലോ എന്നും കണ്ണാടി പുഴയിലു വിരിയണ കുളിരല പോലെ പെണ്ണിൻറെ ചെഞ്ചുണ്ടിൽ പുഞ്ചിരി പൂത്തുവെന്നും മധുവൂറും നിൻറെ ചൊടികളിൽ ഒരു ചുംബനം തളിരിട്ടു നിൽക്കുമീ രാവിൽ കൊഴിയുന്ന മയിൽപ്പീലിക്കതിർമാല പോലെൻ സിരകളിലെന്നും ചലനമെന്നുമൊക്കെയുള്ള പ്രണയാനുഭവങ്ങളുടെ വിവിധ ഭാവങ്ങൾ അദ്ദേഹം പകർന്നു...

ഉടലുമുയിരും ഒൻപതു മാസം ഭജനമിരുന്ന പൊന്നമ്പലമാണ് അമ്മയെന്ന് ലളിതസുന്ദരമായും അതിലേറെ ഇഷ്ടംചേർത്തും അദ്ദേഹം എഴുതി... ഉള്ള് തൊടുന്ന ഭാവനകളുടെയും അതിനനുയോജ്യമായ അക്ഷരക്കൂട്ടുകളുടെയും നിറച്ചാർത്ത് മലയാളിക്ക് എക്കാലവും സമ്മാനിച്ചിട്ടുള്ള ബിച്ചു തിരുമല ഓർമ്മയാകുന്പോൾ, ആ തൂലികത്തുന്പ് മലയാളത്തിന് സമർപ്പിച്ച ഗാനങ്ങൾ അദ്ദേഹത്തിൻറെ നിത്യസ്മാരകങ്ങളായി നിലനിൽക്കും.

ആയുസിൻറെ പുസ്തകത്തിൽ എട്ടു പതിറ്റാണ്ടുകൾ പൂർത്തിയാക്കിയ ബിച്ചു തിരുമല എന്ന ബി. ശിവശങ്കരൻ നായർ മലയാള ചലച്ചിത്രഗാനശാഖയ്ക്ക് അമൂല്യമായ സംഭാവനകൾ നൽകിയെന്നതിൽ സംശയമില്ല. അരനൂറ്റാണ്ടോളം കാലത്തെ എഴുത്തുജീവിതത്തിനിടയിൽ അദ്ദേഹം രചിച്ച അനേകം ഗാനങ്ങൾ ഇന്നും മലയാളികളുടെ ഹൃദയ മണിമണ്ഡപങ്ങളിൽ തളിരിട്ടു നിൽക്കുന്നു.

ഭാഷയുടെ അഴകും ലളിതപ്രയോഗശൈലിയും സന്ദർഭത്തിനനുസരിച്ചുള്ള വരികളുടെ ഒത്തിണക്കവും കൈമുതലായിരുന്ന ബിച്ചു വൈവിധ്യമാർന്ന ഗാനങ്ങളിലൂടെ കിനാവിൻറെ മായാലോകം ഒരുക്കി. ഈണത്തിനനുസരിച്ച് ഈരടികൾ രചിക്കാനുള്ള സവിശേഷ വൈഭവം ബിച്ചുവിന് അനുഗ്രഹ വരദാനമായിരുന്നു. ഉള്ളിലെ താളബോധമാകാം സ്വപ്നക്കൂട്ടിൽ നിറമേഴും ചാലിക്കാൻ അദ്ദേഹത്തിന് തുണയായിരുന്നത്.

സംഗീതത്തിലെ മഹാരഥന്മാരോടൊപ്പം അദ്ദേഹം പ്രവർത്തിച്ചു. ഇളയരാജ, ജി ദേവരാജൻ, ശ്യാം, ജയവിജയ, ജോൺസൺ, രവീന്ദ്രൻ, എം ജി രാധാകൃഷ്ണൻ, ഔസേപ്പച്ചൻ, ജെറി അമൽദേവ് എന്നിങ്ങനെ യുവതലമുറയിലെ രാജ്യത്തിൻറെ തന്നെ അഭിമാനമായ എ.ആർ റഹ്മാൻ വരെ നിര നീളുന്നു. നാടൻശൈലികളിൽ മൗലികമായ സ്വാധീനം പുലർത്തിയ രചനകളും മലയാളം ഏറ്റുപാടി.

കാലത്തിൻറെ മാറ്റം ഉൾക്കൊണ്ടാണ് ഗാനരചന എന്നതും ബിച്ചുവിനെ വിവിധ തലമുറകൾക്ക് പ്രിയംകരനാക്കി. ഗാനരംഗമേതായാലും ഈണം എത്ര സങ്കീർണമായാലും ബിച്ചുവിൻറെ രചനാവൈഭവം വെല്ലുവിളികളെ അതിജീവിച്ചു.

രാകേന്ദുകിരണങ്ങൾ, വാകപ്പൂമരം ചൂടും, വെള്ളിച്ചില്ലും വിതറി, മൈനാകം മണ്ണിൽ, ആലിപ്പഴം, പൂങ്കാറ്റിനോടും കിളികളോടും, ഓലത്തുമ്പത്തിരുന്നൂയലാടും, പാൽനിലാവിനും, മൗനം പോലും മധുരം, പാതിരാവായി നേരം, ഉന്നം മറന്നു തെന്നിപ്പറന്ന എന്നിങ്ങനെ ആസ്വാദകർക്ക് ബിച്ചു ഒരുക്കിയ ഗാനാഞ്ജലി അവിസ്മരണീയം...

വസന്തഗീതങ്ങൾ ആൽബത്തിലെ ആഭോഗി രാഗത്തിലെ മാമാങ്കം പലകുറി കൊണ്ടാടി, പന്തുവരാളിയിലെ അരയന്നമേ ആരോമലേ, ധർമ്മവതിയിലെ കാലം ഒരു പുലർകാലം, ഹരികാംബോജിയും വലചിയും ഉൾപ്പെട്ട കിളിമകളെ വാശാരികേ മുതലായ ഗാനങ്ങളും മലയാളിക്ക് ഇന്നും ഈണവും ഈരടിയും ഒരുപോലെ ഹൃദയാഭിമുഖ്യമുള്ളവയായി തുടരുന്നു.

'ഒറ്റക്കന്പി നാദം മാത്രം മൂളും വീണാ നാദം ഞാൻ..' എന്ന് എഴുതി ബിച്ചുതിരുമല. 1981ൽ പുറത്തിറങ്ങിയ തേനും വയന്പും എന്ന സിനിമയ്ക്കു വേണ്ടി ബിച്ചു തിരുമല ഇങ്ങനെ കുറിച്ചു, എങ്കിലും മലയാള ചലച്ചിത്ര ഗാനലോകം എന്നേ പറഞ്ഞുകഴിഞ്ഞു. അഴകിൻറെ ആയിരം തന്ത്രികൾ മുഴങ്ങുന്ന വീണയാണ് ബിച്ചു തിരുമല എന്ന്!

അരനൂറ്റാണ്ടിലേറെ നീണ്ട ആ ഗാനസപര്യയിൽ ബിച്ചു തിരുമല എന്ന വിപഞ്ചികയിൽ നിന്നുണർന്നത് വൈവിധ്യമാർന്ന മൂവായിരത്തിലധികം ഗാനങ്ങളാണ്.

'ആയിരം കണ്ണുമായി കാത്തിരുന്നു നിന്നെ ഞാൻ...', 'മിഴിയോരം നനഞ്ഞൊഴുകും മുകിൽമാലകളോ..', 'ഏഴു സ്വരങ്ങളും തഴുകി വരുന്നൊരു ഗാനം..' എന്നിവ ഒഴുകിയ അതേ വീണയിൽ നിന്നു തന്നെയാണ് 'പടകാളി ചണ്ഡിചങ്കരി പോർക്കലി മാർഗിനി ഭഗവതി..' എന്ന ഗാനം വന്നത് എന്നറിയുക.

'ഓലത്തുന്പത്തിരുന്ന് ഊയലാടും ചെല്ലപൈങ്കിളി...', 'കണ്ണാംതുന്പി പോരാമോ...' പോലുള്ള തേനൂറുന്ന താരാട്ട് പാട്ടുകൾ രചിച്ചതും ഇതേ പാട്ടുകാരൻ. പല ഗാനങ്ങളും സ്വന്തം ഹൃദയത്തിൽ വിരൽ ചേർത്ത് വച്ചു തന്നെയാണ് ബിച്ചു തിരുമല രചിച്ചത്.

അതുകൊണ്ടാണ് തിരുവനന്തപുരത്തെ തിരുമലയിൽ ജനിച്ചു വളർന്ന ബിച്ചുവിനു നഷ്ടപ്പെട്ട കൊച്ചുസഹോദരൻ ബാലഗോപാലൻ മലയാളികളുടെ മുഴുവൻ ഓമന കുഞ്ഞായി മാറിയത്. കുട്ടിക്കാലത്ത് തൻറെ അനിയൻ ബാലഗോപാലനെ അമ്മ എണ്ണ തേച്ച് കുളിപ്പിക്കുന്ന കാഴ്ച കൗതുകത്തോടെ നോക്കി നിന്നിട്ടുണ്ട് അദ്ദേഹം. പിൽക്കാലത്ത് അതായത് 1992ൽ റിലീസായ 'പപ്പയുടെ സ്വന്തം അപ്പൂസിലെ' അപ്പൂസിനു വേണ്ടി പാട്ടെഴുതുന്പോൾ അറിയാതെ ബിച്ചുവിൻറെ ഉള്ളിൽ തൻറെ ബാലഗോപാലൻ ഓടി വന്നു.

സിനിമയിൽ അപ്പുവിൻറെ അമ്മയായി വരുന്ന നടി ശോഭന കുഞ്ഞിനെ കുളിപ്പിക്കുന്ന കാഴ്ച; കൊഞ്ചിച്ച് ഓമനിക്കുന്ന ദൃശ്യം ഇത്രയേറെ മലയാളികളുടെ ഹൃദയത്തിൽ പതിഞ്ഞ് പോയതിനു പിന്നിലും ഗാനരചയിതാവിൻറെ ഈ അലിഞ്ഞു ചേരൽ തന്നെ...

1972ൽ ജയവിജയന്മാരുടെ സംഗീതത്തിൽ 'ഭജഗോവിന്ദം' എന്ന സിനിമയിലൂടെയാണ് അരങ്ങേറ്റം. ഏറ്റവും കൂടുതൽ ഹിറ്റ് ഗാനങ്ങൾ എഴുതിയ ഗാനരചയിതാവ്, ഏറ്റവും കൂടുതൽ സംഗീതസംവിധായകർക്കൊപ്പം പ്രവർത്തിച്ച ഗാനരചയിതാവ് എന്നീ ബഹുമതികളും സ്വന്തം.

ഈണത്തിനനുസരിച്ച് അതിവേഗം വരികൾ എഴുതുവാനുള്ള സിദ്ധിയും ബിച്ചു തിരുമലയുടെ പ്രധാന പ്ലസ് പോയിൻറായി കാണാം. ഈണത്തിനൊപ്പം വാക്കുകൾ തിരുകി കയറ്റുക അല്ല മറിച്ച് അർഥവും ഭാവവും ഒന്നു ചേരുന്ന സാഹിത്യം തന്നെയാണ് പലപ്പോഴും ബിച്ചു ചേർത്ത് വച്ചത്.

മലയാള പണ്ഡിതൻ സി.ഐ. ഗോപാലപിള്ളയുടെ ചെറുമകനു മലയാള സാഹിത്യവും ഭാഷയും രക്തത്തിൽ അലിഞ്ഞു ചേർന്നതാണല്ലോ. കുട്ടിക്കാലം മുതൽക്കെ വായനയോടുള്ള അഭിനിവേശം തുടങ്ങി. മനസിൻറെ ആഴത്തിൽ പതിഞ്ഞ് കിടന്ന ചങ്ങന്പുഴക്കവിതകളും പി. ഭാസ്ക്കരൻ മാസ്റ്ററിൻറെ കാവ്യങ്ങളും തൻറെ ഗാനങ്ങളെ പ്രചോദിപ്പിച്ച കഥ അദ്ദേഹം തന്നെ പലവട്ടം പറഞ്ഞിട്ടുണ്ട്.

ഒറ്റക്കന്പി നാദം മൂളും... എന്ന ഗാനത്തിൻറെ പിറവി തന്നെ എടുക്കാം. വൈദ്യുതി പോയ ഒരു രാത്രയിൽ മെഴുകുതിരി വെട്ടത്തിൽ കൊതുകിൻറെ മൂളലും കേട്ടിരുന്നാണ് ഗാനം എഴുതിയത്. അരികിൽ പി. ഭാസ്ക്കരൻറെ ഒറ്റക്കന്പിയുള്ള തംബുരു എന്ന കാവ്യപുസ്തകം... ഈ ഒറ്റക്കന്പിക്കും കൊതുകിൻറെ മൂളലിനും നടുവിൽ ഇരുന്ന് എഴുതിയതാണ് ഒറ്റക്കന്പി നാദം മൂളും.... എന്ന ഗാനം. മികച്ച ഗാനരചനയ്ക്കുള്ള സംസ്ഥാന അവാർഡ് ബിച്ചു തിരുമലയ്ക്കു നേടിക്കൊടുത്തു ഈ ഗാനം.

ജീവിതത്തിൻറെ വേദനകൾക്കും അസ്വസ്ഥതയ്ക്കും നടുവിൽ, ധ്വനിസാന്ദ്രമായ ഒരു സംഗീതസ്വപ്നവും പേറിയിരിക്കുന്പോൾ ബിച്ചുവിൽ നിന്നും അറിയാതെ ഉണർന്നു ഈ ഗാനം. ആത്മമിത്രമായ രവീന്ദ്രൻറേതാണ് സംഗീതം. ബിച്ചുവിൻറെ മിക്കവാറും എല്ലാ രചനകളിലും ഈ ജീവിതസ്പർശം ഉണ്ട്.

ഐ.വി. ശശിക്ക് ഒപ്പം 33 സിനിമകളിൽ പാട്ടെഴുതി റിക്കാർഡ് സൃഷ്ടിച്ചിട്ടുണ്ട് ബിച്ചു തിരുമല. അംഗീകാരം എന്ന സിനിമയിലെ 'നീല ജലാശയത്തിൽ...,' അഹിംസയിലെ 'ജലശംഖു പുഷ്പം ചൂടി....', അവളുടെ രാവുകളിലെ 'രാകേന്ദു കിരണങ്ങൾ...' തുടങ്ങി അനവധി സൂപ്പർ ഹിറ്റ് ഗാനങ്ങൾ അവയിൽ ചിലത്.

സംഗീത സംവിധായകൻ ശ്യാമിനോടൊപ്പമാണ് ഏറ്റവും കൂടുതൽ ചിത്രങ്ങൾ. എഴുപതിലധികം സിനിമകളിലാണ് അവർ ഒരുമിച്ചത്. കണ്ണും കണ്ണും തമ്മിൽ തമ്മിൽ... (അങ്ങാടി), മൈനാകം (തൃഷ്ണ), ഒരു മധുരക്കിനാവിൻ ലഹരിയിലെങ്ങോ (കാണാമറയത്ത്) അങ്ങനെ ബിച്ചുശ്യാം കൂട്ടുകെട്ട് ഒരുപുതിയ റിക്കാർഡ് തന്നെ സൃഷ്ടിച്ചു.

തെന്നിന്ത്യൻ സംഗീത ഇതിഹാസങ്ങളായ ഇളയരാജ, എം.എസ്. വിശ്വനാഥൻ, എ.ആർ. റഹ്മാൻ എന്നിവർക്കൊപ്പം മാജിക്ക് തീർത്തിട്ടുണ്ട് ബിച്ചു തിരുമല. 'ആലിപ്പഴം പെറുക്കാൻ പീലിക്കുട നിവർത്തി...' എം.എസ്.വിയുമായി ചേർന്ന് 'വെട്ടുക്കിളി പോലെ മുന്നിൽ, എ.ആർ.റഹ്മാനൊപ്പം പടകാളി...തുടങ്ങിയവ ആ ഗാനവൈവിധ്യത്തിൻറെ ഉദാഹരണങ്ങൾ.

മലയാളത്തിൻറെ ജി. ദേവരാജൻ, വി. ദക്ഷിണാമൂർത്തി എന്നീ മഹാരഥന്മാർക്കൊപ്പം 'പ്രണയ സരോവര തീരം....' (ദേവരാജൻ) ,നനഞ്ഞു നേരിയ പട്ടുറുമാൽ (ദക്ഷിണാമൂർത്തി) എന്നീ ഗാനങ്ങളിലും ബിച്ചു ഒന്നിച്ചു.

എ.ടി. ഉമ്മറിൻറെ സംഗീതത്തിൽ 'നീലജലാശയത്തിൽ' തുടങ്ങിയ ഗാനങ്ങൾ ബിച്ചു തിരുമലയുടെ ഹിറ്റ് ഗാനങ്ങളിൽ ഉൾപ്പെടുന്നു. അണിയാത്ത വളകൾ, ഏപ്രിൽ 18, ചിരിയോചിരി തുടങ്ങിയ ബാലചന്ദ്രൻ ചിത്രങ്ങളിലെ ബിച്ചു ഗാനങ്ങളും പ്രശസ്തമായി.

1980ൽ മഞ്ഞിൽ വിരിഞ്ഞ പൂക്കൾ എന്ന സിനിമയിലെ ബിച്ചുതിരുമലയുടെ ഗാനങ്ങൾ ഒരു മഞ്ഞലയായി തന്നെയാണ് മലയാളത്തെ പൊതിഞ്ഞത്. 'മഞ്ഞിൽ വിരിഞ്ഞ പൂവേ പറയൂ നീ ഇളം പൂവേ...' എന്ന വരികൾ എൺപതുകളിലെ യുവത്വത്തിൻറെ പ്രണയ മനസായി മാറുകയായിരുന്നു. 'താനെ തളർന്ന് വീഴും വസന്തോത്സവങ്ങളിൽ എങ്ങോ കൊഴിഞ്ഞ കനവായി സ്വയം ഞാൻ ഒരുങ്ങിടാം...' എന്നതിലെ കാമുക ഹൃദയം ഇന്ന് അന്യമായി കൊണ്ടിരിക്കുകയാണ്.

പ്രതികാരവും കൊലവിളിയും കൊലക്കത്തിയും പ്രണയത്തിൻറെ പര്യായമായി മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഒരു നനുത്ത സ്വപ്നമായി ബിച്ചു തിരുമലയുടെ ഗാനം എവിടെയോ നിറയുന്നു, തുടിക്കുന്നു... 'മിഴിയോരം നനഞ്ഞൊഴുകും മുകിൽ മാലകളോ നിഴലോ മഞ്ഞിൽ വിരിഞ്ഞ പൂവേ...'



## ഗാനഗന്ധർവനെ അദ്ഭുതപ്പെടുത്തിയ ബിച്ചു

'ബ്രാഹ്മമുഹൂർത്തത്തിൽ പ്രാണസഖി നീ പല്ലവി പാടിയ നേരം...' എന്ന ബിച്ചു തിരുമലയുടെ ആദ്യ സിനിമാ ഗാനം പാടിയത് ഗാനഗന്ധർവൻ. റിക്കാർഡിംഗ് സമയത്ത് യേശുദാസ് ചോദിച്ചുവത്രേ ആരാണ് ഈ ഗാനം എഴുതിയത്

വയലാറിൻറെയും പി. ഭാസ്ക്കരൻറെയും ഒ.എൻ.വിയുടെയും പിന്തുടർന്ന് വന്ന ശ്രീകുമാരൻ തന്പിയുടെയും യുസഫലിയുടെയും എത്രയോ മധുരഗാനങ്ങൾ പാടിയ യേശുദാസിനെ പോലും അത്ഭുതപ്പെടുത്തിയിരുന്നു ബിച്ചു തിരുമല എന്ന അന്നത്തെ നവാഗതൻറെ രചന.

1970ൽ ആയിരുന്നു ആദ്യ സിനിമ. ചിത്രം പക്ഷേ പുറത്തു വന്നില്ല. ആദ്യം വെളിച്ചം കണ്ട ചലച്ചിത്രം ചലച്ചിത്ര നടൻ മധു സംവിധാനം ചെയ്ത അക്കൽദാമ.

---

# കേരള മാതൃകയിൽ കമ്മ്യൂണിറ്റി കിച്ചണുകൾ രാജ്യവ്യാപകമാക്കണം: മന്ത്രി അനിൽ

തിരുവനന്തപുരം: കേരളത്തിൽ നടപ്പിലാക്കിയ മാതൃകയിൽ രാജ്യവ്യാപകമായി കമ്മ്യൂണിറ്റി കിച്ചണുകൾ നടപ്പിലാക്കണമെന്ന് ഭക്ഷ്യസിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ. കേന്ദ്ര ഭക്ഷ്യപൊതുവിതരണ മന്ത്രി പീയുഷ് ഗോയൽ ഡൽഹിയിൽ വിളിച്ചു ചേർത്ത സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടെ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ കോവിഡ് മഹാമാരി മൂലം ലോക്ക് ഡൗൺ പ്രഖ്യാപിച്ച ആദ്യഘട്ടത്തിൽ തന്നെ കമ്മ്യൂണിറ്റി കിച്ചണുകൾ സ്ഥാപിച്ച് രോഗികൾക്കും നിർധനർക്കും മറ്റ് വിഭാഗങ്ങൾക്കും സൗജന്യ ഭക്ഷണം നൽകിയതായി മന്ത്രി യോഗത്തിൽ പറഞ്ഞു.

കമ്മ്യൂണിറ്റി കിച്ചണുകൾ വഴി കൂടുതൽ നേരം സൗജന്യ നിരക്കിൽ ഭക്ഷണം നല്കുന്നതിനുള്ള അരി ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള നിരക്കിൽ ലഭ്യമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കമ്മ്യൂണിറ്റി കിച്ചണുകളും സുഭിക്ഷാ ഹോട്ടലുകളും ഒരുക്കുന്നതിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് ഹോട്ടൽ ഒന്നിന് പത്ത് ലക്ഷം രൂപ അനുവദിക്കണം. സംസ്ഥാനത്തിൻറെ അരിവിഹിതം മുമ്പ് ലഭിച്ചിരുന്ന പ്രകാരം 16 ലക്ഷം മെട്രിക് ടണ്ണായി പുനഃസ്ഥാപിക്കണം.

സംസ്ഥാനത്തുണ്ടായ മഴക്കെടുതിയുമായി ബന്ധപ്പെട്ട് 50,000 മെട്രിക് ടൺ അരി അധികമായി അനുവദിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

# തോക്കു ചൂണ്ടി പീഡനശ്രമം; കണ്ണൂർ സ്വദേശി ഷാഹിദ് പിടിയിൽ, ഒരാൾ ഒളിവിൽ

അമ്പലപ്പുഴ: അമ്പലപ്പുഴ സ്വദേശിനിയായ 20കാരിയെ കണ്ണൂരിലെത്തിച്ചു പീഡിപ്പിക്കാൻ ശ്രമിച്ചതായി പരാതി. സംഭവവുമായി ബന്ധപ്പെട്ടു കണ്ണൂർ മരക്കാർകണ്ടി ഷാഹിദി (21) നെ പിടികൂടിയിരുന്നു. അമ്പലപ്പുഴ സ്വദേശിനി ബംഗളൂരുവിൽ വച്ചാണ് യുവാക്കളെ പരിചയപ്പെടുന്നത്. ഇതിൽ ഒരു യുവാവുമായി യുവതി പ്രണയത്തിലായി. തുടർന്നാണ് സംഘം യുവതിയെ കണ്ണൂരിലെത്തിച്ചത്. ഇവിടെ വച്ചു സംഘം പീഡിപ്പിക്കാൻ ശ്രമിച്ചെന്നാണ് പരാതി. തോക്കുചൂണ്ടി കൊലപ്പെടുത്തുമെന്നു ഭീഷണി മുഴക്കിയാണ് പീഡിപ്പിക്കാൻ ശ്രമിച്ചതെന്നു പെൺകുട്ടി പോലിസിനു നൽകിയ പരാതിയിൽ പറയുന്നു. അതേസമയം, പെൺകുട്ടി സ്വയം വസ്ത്രങ്ങൾ വലിച്ചു കീറുകയായിരുന്നുവെന്നാണ് അറസ്റ്റിലായ യുവാവ് പോലിസിനോടു പറഞ്ഞത്. ഇതിനിടെ, മയക്കുമരുന്ന് ലോബിക്കും സെക്സ് റാക്കറ്റിനും ഇതുമായി ബന്ധമുണ്ടോയെന്നും പോലിസ് പരിശോധിക്കുന്നുണ്ട്.

# കുറ്റക്കാർക്കെതിരെ കർശന നടപടിയെന്ന് മുഖ്യമന്ത്രി; മോഫിയയുടെ വീട്ടിലെത്തി മന്ത്രി പി. രാജീവ്

കൊച്ചി: തെറ്റ് ചെയ്തവർക്കൊപ്പം സർക്കാർ ഉണ്ടാവില്ലെന്ന് മന്ത്രി പി.രാജീവ്. മൊഫിയ പർവീണിൻറെ ആലുവയിലെ വീട്ടിൽ സന്ദർശനം നടത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മൊഫിയയുടെ അച്ഛനോട് മുഖ്യമന്ത്രി പിണറായി വിജയൻ ഫോണിൽ സംസാരിച്ചെന്ന് മന്ത്രി പറഞ്ഞു. കുറ്റക്കാർക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി. സർക്കാർ മോഫിയയുടെ കുടുംബത്തിനൊപ്പമെന്നും മുഖ്യമന്ത്രി അറിയിച്ചതായി പി. രാജീവ് കൂട്ടിച്ചേർത്തു.

സിഐ സുധീറിനെതിരെ നടപടി ഉണ്ടാകുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയെന്ന് മോഫിയയുടെ അച്ഛൻ ദിൽഷാദ് മാധ്യമങ്ങളോട് പറഞ്ഞു. നോഫിയയുടെ അമ്മയും മുഖ്യമന്ത്രിയുടെ ഉറപ്പിൽ പ്രതീക്ഷയുണ്ടെന്ന് പ്രതികരിച്ചു

# ഇടഞ്ഞ കൊമ്പനെ തളച്ചു

കൊല്ലം: എംസി റോഡിൽ കൊല്ലം വെട്ടിക്കവല ഭാഗത്ത് ഇടഞ്ഞ ആനയെ തളച്ചു. വെട്ടിക്കവലയിലെ ക്ഷേത്രത്തിൽ ഉത്സവത്തിനെത്തിച്ച നെടുമങ്ങാട് മണികണ്ഠൻ എന്ന ആനയെയാണ് രണ്ടു മണിക്കൂറിന് ശേഷം തളയ്ക്കാനായത്. മയക്കുവെടി വയ്ക്കാൻ എലിഫൻഡ് സ്ക്വാഡ് അംഗങ്ങൾ എത്തിയെങ്കിലും വെടിവയ്ക്കേണ്ട സാഹചര്യമുണ്ടായില്ല.

എംസി റോഡിൽ നിന്നും ഇടറോഡിലേക്ക് കയറിയ ആന പരിസരത്തെ റബർ തോട്ടത്തിൽ കയറിയതോടെ പാപ്പാന്മാരും എലിഫൻഡ് സ്ക്വാഡ് ഉദ്യോഗസ്ഥരും ചേർന്ന് കൂച്ചുവിലങ്ങ് ഉപയോഗിച്ച് തളയ്ക്കുകയായിരുന്നു. ആന ഇടഞ്ഞ് ആറ് കിലോമീറ്ററോളം ഓടിയെങ്കിലും നാശനഷ്ടങ്ങൾ ഒന്നും ഉണ്ടാക്കിയില്ല.

ആന ഇടഞ്ഞതിനെ തുടർന്ന് എംസി റോഡിൽ ദീർഘനേരം ഗതാഗത തടസം അനുഭവപ്പെട്ടിരുന്നു. സംഭവമറിഞ്ഞ് നിരവധി പ്രദേശവാസികളും തടച്ചുകൂടി.

# ഭർതൃപിതാവ് പീഡിപ്പിച്ചതായി യുവതി

ഭോപ്പാൽ: മഹാരാഷ്ട്രയിൽ പന്ത്രണ്ടാം ക്ലാസുകാരനായ ഭർത്താവ് സ്കൂളിൽപോയ നേരം ഭർതൃ പിതാവ് ലൈംഗീകമായി പീഡിപ്പിച്ചതായി യുവതി. ഗുണ ജില്ലയിലെ മ്യാന പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ് സംഭവം. പെൺകുട്ടിയുടെ പരാതിയിൽ ഭർതൃ പിതാവിനെതിരെ മ്യാന പോലീസ് കേസെടുത്തു. രാജസ്ഥാൻ സ്വദേശിനിയായ 21കാരി ഗുണയിൽ നിന്നുള്ള 22കാരനെയാണ് വിവാഹം കഴിച്ചത്. ഭർത്താവിനൊപ്പമാണ് യുവതി പരാതി നൽകാൻ പോലീസ് സ്റ്റേഷനിലെത്തിയത്. പോലീസ് പറയുന്നതനുസരിച്ച്, യുവതിയുടെ ഭർത്താവ് ഗുണ ടൗണിലെ സ്കൂളിലാണ് പഠിക്കുന്നത്. ഇയാൾ ഗ്രാമത്തിൽ നിന്ന് ദിവസവും സ്കൂളിലേക്ക് പോകുമായിരുന്നു. ഭർത്താവ് സ്കൂളിൽ പോയിരുന്ന സമയത്താണ് ഭർതൃപിതാവ് തന്നെ ലൈംഗീകമായി പീഡിപ്പിച്ചതെന്ന് പെൺകുട്ടി പറയുന്നു.

സംഭവം പുറത്തുപറഞ്ഞാൽ കൊല്ലുമെന്നും ഭീഷണിപ്പെടുത്തി. പ്രതി നിയമവിരുദ്ധമായി നിരവധി ആയുധങ്ങൾ സൂക്ഷിച്ചിരുന്നു. ഇവ ഉപയോഗിച്ച് കുടുംബാംഗങ്ങളെ ഇയാൾ ഭീഷണിപ്പെടുത്തിയിരുന്നതായും പോലീസ് പറയുന്നു.



സതേൺ നേവൽ കമാൻഡ് ഫ്ളാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ എ.കെ. ചൗള മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.